2016 നവംബർ 25
വാല്യം 09
ലക്കം 22

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ബിഷപ്പ് വിവാദം: പാസ്റ്റർ ബാബു ജോർജിനെ അസംബ്ലീസ് ഓഫ് ഗോഡ് പുറത്താക്കി

**പുനലൂർ:** ബിഷപ്പ് വിവാദത്തിനൊടുവിൽ ശക്തമായ നടപടിയുമായി ഏ. ജി. മലയാളം ഡിസ്ട്രിക്ട് നേതൃത്വം രംഗത്ത്. സെഫി എന്ന എപ്പിസ്കോപ്പൽ (ആംഗ്ലിക്കൻ) സംഘടനയിൽ നിന്ന് ബിഷപ്പ് പദവി സ്വീകരിച്ച് കുപ്പായമിട്ട പാസ്റ്റർ ബാബു ജോർജിനെ സഭ പുറത്താക്കി. മലേഷ്യയിൽ വെച്ചാണ് പാസ്റ്റർ ബാബു ജോർജ് ബിഷപ്പ് പദവി സ്വീകരിച്ചത്. ഇത് നവമാധ്യമങ്ങളിലൂടെ പുറത്തുവരികയും വിവാദമാകുകയും ചെയ്തതിനെത്തുടർന്ന് സഭാനേതൃത്വം പാസ്റ്റർ ബാബു ജോർജിനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിരുന്നു. ഇത് സംബന്ധിച്ച് വിശദീകരണം നൽകുവാൻ അവസരം നൽകിയെങ്കിലും തന്റെ മറുപടി സഭാനേതൃത്വത്തിന് നൽകുന്നതിനു മുമ്പ് സോഷ്യൽ മീഡിയയിലൂടെ പുറത്ത് വന്നിരുന്നു. തന്റെ നടപടിയെ ന്യായീകരിച്ച പാസ്റ്റർ ബാബു ജോർജ് പ്രസ്ഥാനത്തിന് രജിസ്ട്രേഷൻ ഇല്ലെന്ന് പറഞ്ഞത് പുതിയ വിവാദമായി മാറി. മാത്രമല്ല രജിസ്ട്രേഷൻ ഇല്ലാത്ത പ്രസ്ഥാനത്തിന്റെ രക്ഷയ്ക്കുവേണ്ടിയാണ് താൻ സെഫി എന്ന സംഘടനയിൽ നിന്ന് ബിഷപ്പ് പദവി സ്വീകരിച്ചത് എന്നും വാദിച്ചു. ഇതിനെതിരെ സഭാനേതൃത്വം ശക്തമായ നിലപാട് സ്വീകരിക്കുകയും തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. ഏ. ജി. മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ട് പാസ്റ്റർ ടി. ജെ. സാമുവേൽ, സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ലീഗൽ അഡ്വൈസർ അഡ്വ. ജോൺ മാത്യു എന്നിവരാണ് വിശദീകരണം നൽകിയത്.

സൗത്ത് ഇൻഡ്യാ അസംബ്ലീസ് ഓഫ് ഗോഡ് 1860-ലെ ബോംബെ സൊസൈറ്റീസ് ആക്ട് പ്രകാരം 1957-ൽ 2701 -ാം നമ്പറായി രജിസ്റ്റർ ചെയ്ത എസ്. ഐ. ഏ. ജി.യുടെ ഒരു ഡിസ്ട്രിക്ടാണ് മലയാളം ഡിസ്ട്രിക്ട്. എന്നാൽ യഥാസമയം കണക്കുകൾ സമർപ്പിക്കാതിരുന്നതുമൂലം രജിസ്ട്രേഷൻ സംബന്ധിച്ച് പ്രശ്നങ്ങൾ ഉണ്ടായി. സഭാനേതൃത്വം മുംബൈ ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് കോടതിയുടെ നിർദ്ദേശപ്രകാരം മുംബൈ ചാരിറ്റി കമ്മീഷൻ എസ്. ഐ. ഏ. ജി.യുടെ രജിസ്ട്രേഷൻ യഥാസ്ഥാനപ്പെടുത്തി സർട്ടിഫിക്കേറ്റ് നൽകിയിട്ടുള്ളതാണ്. ബാബു ജോർജിന്റെ വാദഗതികൾ വ്യാജമാണെന്ന് നേതാക്കൾ വ്യക്തമാക്കി. പാസ്റ്റർ ബാബു ജോർജ് സെഫിയിൽ ചേർന്നതുകൊണ്ട് സഭ രക്ഷപ്പെടുമെന്ന വാദവും യുക്തിക്ക് ചേർന്നതല്ലെന്ന് നേതാക്കൾ പറഞ്ഞു. എപ്പിസ്കോപ്പൽ പ്രസ്ഥാനമായ സെഫിയിൽ ചേർന്നതും കുപ്പായം ഇട്ടതും പെന്തെക്കോസ്ത് ഉപദേശത്തിനും ജീവിതരീതിക്കും എതിരാണ് എന്നും നേതാക്കൾ വ്യക്തമാക്കി.

## മരണം വരെ ഏ. ജിയിൽ തുടരും: പാസ്റ്റർ ബാബു ജോർജ്ജ്



ബിഷപ്പ്, രജിസ്ട്രേഷൻ വിവാദങ്ങളിൽ മറുപടിയുമായി പാസ്റ്റർ ബാബു ജോർജ്ജ് രംഗത്ത്. സെഫി എന്ന സംഘടന എന്റെ അറിവിൽ പെന്തെക്കോസ്ത് ഉപദേശങ്ങൾ പിന്തുടരുന്ന പ്രസ്ഥാനമാണ്. പെന്തെക്കോസ്തുകാരായ ബിഷപ്പുമാരാണ് അതിന്റെ നേതൃത്വത്തിലുള്ളത്. ബിഷപ്പ് കുപ്പായം ഒരു ഡ്രസ് കോഡിന്റെ ഭാഗം മാത്രമാണ്. ബിഷപ്പ് എന്ന സർട്ടിഫിക്കേറ്റ് മാത്രമാണ് ഞാൻ സെഫി എന്ന സംഘടനയിൽ നിന്നും സ്വീകരിച്ചിട്ടുള്ളത്. സർക്കാർ തലത്തിൽ അംഗീകാരം ലഭിക്കേണ്ടതിന് മാത്രമാണ് ഞാൻ ഇത് ചെയ്തത്. ഏ. ജി. സഭയുടെ നിയമങ്ങളോ ദൈവവചനമോ ഞാൻ ലംഘിച്ചിട്ടില്ല. അതുകൊണ്ടുതന്നെ മരണം വരെയും ഏ. ജി.ക്കാരനായി തുടരും പാസ്റ്റർ ബാബു ജോർജ് പറഞ്ഞു. ഏ. ജി.യുടെ രജിസ്ട്രേഷൻ സംബന്ധിച്ച് എനിക്ക് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് രജിസ്ട്രേഷൻ ഇല്ലായെന്ന് തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പാസ്റ്റർ ബാബു ജോർജ് പറഞ്ഞു.

## പി.വൈ.പി.എ. സ്റ്റേറ്റ് ക്യാമ്പ് ഡിസംബർ 25 മുതൽ 29 വരെ



**കുമ്പനാട്:** പെന്തെക്കോസ്തു യുവജന സംഘടനയുടെ ഈ വർഷത്തെ സ്റ്റേറ്റ് ക്യാമ്പ് 2016 ഡിംസബർ 25 ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 29 വ്യാഴാഴ്ച ഉച്ചയ്ക്ക് ഒരു മണിവരെ കോട്ടയം ഐ.പി.സി. തിയോളജിക്കൽ സെമിനാരിയിൽ നടത്തപ്പെടുന്നു. ലഹരി, ന്യൂജൻ ചിന്താഗതികൾ, ദുരുപദേശം, ലൗ ജിഹാദ് എന്നിങ്ങനെ പ്രലോഭനങ്ങളിലൂടെ യുവജനങ്ങളെ വഴിതെറ്റുന്ന സാഹചര്യങ്ങളിൽ നിന്നും അവരെ മുക്തരാക്കുക എന്ന വലിയ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പ്രഗത്ഭരായ അദ്ധ്യാപകർ പ്രായപരിധി അനുസരിച്ച് നിരവധി സെക്ഷനുകളിലായി ക്ലാസ്സുകൾ നയിക്കുന്നു. നല്ല അച്ചടക്കവും പ്രകൃതി രമണീയവും മനോഹരവുമായ കോട്ടയം ഐ.പി.സി. തിയോളജിക്കൽ സെമിനാരിയിൽ ക്യാമ്പിന്റെ ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സംഗീത ലോകത്തിലെ പ്രഗത്ഭരായ ഷെൽ ഡൻ ബങ്കേര, ഡോ. ബ്ലസൻ മേമന, ലോർട്സൺ അന്റണി, സിസ്റ്റർ പെർസിസ് ജോൺ. ബ്രദർ ജീസൻ കോട്ടയം എന്നിവർ സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു. 12 വയസ്സിനു താഴെയുള്ളവർക്ക് പ്രത്യേക സെക്ഷനുകൾ, വളരെ ആകർഷണിയമായ താമസസൗകര്യം, ആഹാരം എന്നിവ ക്യാമ്പിൽ ശ്രദ്ധേയമായിരിക്കും. നവംബർ 30-ന് മുമ്പ് രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് പ്രവേശനം ലഭ്യമാണ്. പ്രീ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഈ കൃമ്പിൽ കടന്ന് വന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് എല്ലാ യുവതിയുവാക്കളെയും ക്ഷണിച്ചുകൊള്ളുന്നു.

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ 2017 ജനുവരി 23-29 വരെ

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ജനറൽ കൺവൻഷൻ 2017 ജനുവരി 23 മുതൽ 29 വരെ പാക്കിൽ പ്രത്യാശ നഗറിൽവച്ച് നടക്കും. ജനുവരി 23 ന് വൈകിട്ട് സ്റ്റേറ്റ് ഓവർസീയർ റവ. കെ. സി. സണ്ണിക്കുട്ടി ഉത്ഘാടനം ചെയ്യുന്ന കൺവൻഷനിൽ അനുഗ്രഹീത ദൈവദാസന്മാർ വചനം ശുശ്രൂഷിക്കും.



റവ. കെ.സി. സണ്ണിക്കുട്ടി

ദൈവസഭ ഓവർസീയർ ചെയർമാനായി വിപുലമായ കമ്മറ്റികൾ പ്രവർത്തിക്കുന്നു. പാസ്റ്റർ ജെയിംസ് കെ. തോമസ് (ഫൈനാൻസ്), പാസ്റ്റർ ജോമോൻ ജോസഫ് (പബ്ലിസിറ്റി), പാസ്റ്റർ നിക്സൺ പി. റ്റി. (മ്യൂസിക്), പാസ്റ്റർ പി.സി. ഏബ്രഹാം (അക്കോമഡേഷൻ), പാസ്റ്റർ വി.ഡി. ജോസഫ് (പ്രയർ), പാസ്റ്റർ കെ.ജെ. ജയിംസ് (സ്റ്റേജ്), പാസ്റ്റർ സി. ബേബിച്ചൻ (ലൈറ്റ്& സൗണ്ട്), പാസ്റ്റർ റ്റി.വി. മാത്യൂ (സ്വാഗതം), പാസ്റ്റർ ഇ.ജെ. ജേക്കബ് (വിജിലൻസ്), പാസ്റ്റർ കെ.സി. വറുഗ്ഗീസ് (അ

06

## സാക്ഷി



നോട്ട് റദ്ദാക്കൽ ജനം അങ്കലാപ്പിൽ - വാർത്ത

*നാളെയെക്കൊണ്ടെൻ മനസ്സിൽ*
*ലവലേശം ഭാരമില്ല*
*ഓരോ നാളും ദൈവം എന്നെ*
*പോറ്റുന്നു*

## യെരുശലേം ദേവാലയം നിർമ്മിക്കാൻ യഹൂദർ ട്രംപിന്റെയും പുടിന്റെയും സഹായം തേടുന്നു



● പ്രകാശ് പി. കോശി



**യി**സ്രായേലിലെ പ്രമുഖ റബ്ബിമാർ (യഹൂദാഗുരുക്കന്മാർ) അമേരിക്കൻ പ്രസിഡന്റ് ഡൊനാൾഡ് ട്രംപിനും റഷ്യൻ പ്രസിഡന്റ് വ്ളാദ്മിർ പുടിനും യെരുശലേം ദേവാലയ നിർമ്മിതിക്കായി കത്തയച്ചു. അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഡൊനാൾഡ് ട്രംപിൽ പേർഷ്യൻ രാജാവായിരുന്ന സൈറസ് രാജാവിനെ (കോരെശ്) കാണുന്നു. 2500 വർഷങ്ങൾക്ക് മുമ്പ് കോരെശ് രാജാവ് ആണ് യെരുശലേം ദേവാലയം പുനർ നിർമ്മിക്കാൻ പ്രവാസത്തിലായിരുന്ന യഹൂദന്മാർക്ക് അനുവാദം കൊടുത്തത്. എസ്രാ, നെഹെമ്യാവ്, യെശയ്യാവ് തുടങ്ങിയ പുസ്തകങ്ങളിൽ ഇതുമായി ബന്ധപ്പെട്ട ചരിത്രം കാണുന്നു. യേരുശലേം പുനർനിർമ്മാണത്തിന് കോരെശിനെ യഹോവയായ ദൈവം ഉണർത്തിയതും യെശയ്യാവ് പ്രവചനം 44, 45 അദ്ധ്യായങ്ങളിൽ കാണുന്നുണ്ടല്ലോ.

റബ്ബിമാരുടെ സംഘടനയായ സന്നഹദിരിൻ, യിസ്രായേലിലെ പുരാതന മത കോടതികൾ നവീകരിക്കാൻ ശ്രമിക്കുന്നു. ഈ സംഘടന ലോകനേതാക്കളായ ട്രംപിനും പുടിനും യെരുശ

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ



**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 150 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ



വരിസംഖ്യ അയയ്ക്കേണ്ട വിലാസം
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ





# മാറിമറിയുന്ന ലോകസംഭവങ്ങൾ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

മനുഷ്യന്റെ ചിന്തകൾക്കും കണക്കുക്കൂട്ടലുകൾക്കുമപ്പുറം കാര്യങ്ങൾ നൊടിയിടകൊണ്ട് മാറിമറിയുകയാണ്. മനുഷ്യന്റെ കഴിവുകൾക്കപ്പുറത്താണ് കാര്യങ്ങളുടെ പോക്ക്. എത്രയോ വേഗത്തിലാണ് കാര്യങ്ങൾ തകിടം മറിയുന്നത്. ഒരു രാത്രികൊണ്ട് മനുഷ്യന്റെ നിസഹായത വെളിവാകുന്ന തീരുമാനമായിരുന്നു അഞ്ഞൂറിന്റെയും ആയിരത്തിന്റെയും റദ്ദാക്കലിലൂടെ സംഭവിച്ചത് നോട്ട് കെട്ടുകൾ കൈയിലുണ്ടെങ്കിലും പ്രയോജനപ്പെടാത്ത സാഹചര്യം മനുഷ്യനെ അങ്കലാപ്പിലാക്കി. കൈയിലുള്ള ദ്രവ്യം വിലയില്ലാതാകുമ്പോൾ ഏത് ധനികനും ദരിദ്രനായി മാറുന്നു. ഇതെല്ലാം മേലാൽ സംഭവിപ്പാനുള്ളതിന്റെ തൊടുകുറി മാത്രം. കറൻസി രഹിത ലോകത്തെക്കുറിച്ചാണ് ഇപ്പോൾ എല്ലാവരും പറയുന്നത്. കമ്പ്യൂട്ടറിന്റെ സഹായത്തോടെ ഇന്റർനെറ്റ് വലയത്തിനുള്ളിൽ ലോകജനതയെ ഒന്നടങ്കം ആക്കിതീർക്കുവാനുള്ള നീക്കങ്ങൾ എന്നേ ആരംഭിച്ചുകഴിഞ്ഞു. 666 എന്ന മുദ്രയില്ലാത്തവന് വിൽക്കുവാനും വാങ്ങുവാനും കഴിയാത്ത സാഹചര്യം സംജാതമാകുമെന്നുള്ള മുന്നറിയിപ്പ് വിശുദ്ധവേദപുസ്തകം എത്രയോ മുമ്പേതന്നെ നൽകിയിട്ടുള്ളതാണ്. മനുഷ്യന്റെ താല്പര്യങ്ങൾക്കുമേൽ കടന്നുകയറുന്ന ഭരണകർത്താക്കളുടെ മുമ്പിൽ പ്രതികരിക്കുവാൻ കഴിയാതെ മനുഷ്യൻ പകച്ചുനിൽക്കും.

നോട്ട് റദ്ദാക്കൽ നല്ല ഉദ്ദേശത്തോടെ നടപ്പിലാക്കിയതാണ്. രാജ്യത്തിന്റെ പുരോഗതിക്കും കള്ളപണക്കാരുടെയും വ്യാജനോട്ട് പ്രചരിപ്പിക്കുന്നവരുടെയും കരാളഹസ്തങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കുവാനുള്ള യത്നം അഭിനന്ദർഹം തന്നെയാണ്. എന്നാൽ വേണ്ടത്ര ഹോംവർക്ക് നടന്നിട്ടുണ്ടോ എന്ന് സംശയിച്ചുപോകുന്നതാണ് ജനത്തിനുണ്ടായ ബുദ്ധിമുട്ടുകൾ.

ഒരു നിമിഷം കൊണ്ട് കാര്യങ്ങൾ മറ്റൊരു തലത്തിൽ എത്തിക്കുവാൻ കഴിയും എന്നതാണ് ഈ തീരുമാനം വിളിച്ചറിയിക്കുന്ന സത്യം. ഇത്തരം പ്രതിസന്ധികൾ ജനങ്ങളെ നിരാശയിലേക്കും ഭയത്തിലേക്കും തള്ളിവിടുമ്പോൾ ദൈവവചനം അറിയുന്ന ദൈവമക്കൾ ഭയപ്പെടേണ്ടതില്ല.

ലോകമെങ്ങും അതിശൈത്യത്തിലേക്ക് നീങ്ങുന്നുവെന്നാണ് കാലാവസ്ഥ വ്യതിയാനം വിളിച്ചറിയിക്കുന്നത്. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ അതികഠിനമായ വരൾച്ചയിലേക്ക് നീങ്ങുകയാണെന്ന് കാലാവസ്ഥാ വിദഗ്ധർ പറയുന്നു. അറുപത്തിയഞ്ചു ശതമാനത്തിലധികം കുറവ് മഴയാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. മനുഷ്യന്റെ നിയന്ത്രണങ്ങൾക്കപ്പുറമായി കാര്യങ്ങൾ കലങ്ങിമറിയുകയാണ്. ശാസ്ത്രം വിവിധ മേഖലകളിൽ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിക്കുകയാണ്. എന്നാൽ മറുവശത്ത് അതേ ശാസ്ത്രം തന്നെ ജീവജാലങ്ങളുടെയും ഭൂമിയുടെയും നാശത്തിന് കാരണമാകുവാൻ പോകുന്നു എന്നത് വിരോധാഭാസമായി തോന്നാം.

അതിനിടയിൽ യെരുശലേം ദേവാലയം പണിയുന്നതിനുള്ള അനുമതിക്കായി യുണൈറ്റഡ് നേഷൻസിൽ യിസ്രായേൽ അപേക്ഷ കൊടുത്തു എന്ന വാർത്ത പുറത്തുവന്നിരിക്കുന്നു. യെരുശലേം ദേവാലയത്തിന്റെ പണികളുമായി ബന്ധപ്പെട്ട അനുബന്ധ കാര്യങ്ങൾ പലതും തുടരെ വാർത്തയാകുകയാണ്. അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ സകല അഭിപ്രായ സർവ്വേകളുടെയും ഫലത്തെ കാറ്റിൽ പറത്തി ഡൊണാൾഡ് ട്രംപ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഹിലാരി ക്ലിന്റന്റെ വിജയം മുൻകൂട്ടി കണ്ട് അത് അംഗീകരിച്ച മട്ടിലായിരുന്നു മാധ്യമങ്ങളും ലോകവും. എന്നാൽ എതിരായ എല്ലാ പ്രവചനങ്ങളെയും അതിജീവിച്ച് ട്രംപ് പ്രസിഡന്റ് കസേരയിൽ എത്തി. ഈ വിജയത്തിന്റെ പ്രസക്തി യിസ്രായേലുമായി ബന്ധപ്പെടുത്തി പഠിക്കുമ്പോൾ മാത്രമേ മനസ്സിലാകുകയുള്ളൂ. യെരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിക്കുമെന്ന് തെരഞ്ഞെടുപ്പ് സമയത്തുതന്നെ ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഞാൻ യിസ്രായേലിനെ സ്നേഹിക്കുന്നുവെന്നും യിസ്രായേലിന്റെ പക്ഷത്താണെന്നുമുള്ള ട്രംപിന്റെ പ്രസ്താവനയും ഇപ്പോഴത്തെ സംഭവവികാസങ്ങളും കൂട്ടിവായിച്ചാൽ കാര്യങ്ങൾ എവിടേക്കാണ് പോകുന്നതെന്ന് വേദപഠിതാക്കൾക്ക് മനസ്സിലാക്കുവാൻ കഴിയും. യെരുശലേം ദേവാലയ പണിക്ക് ട്രംപിന്റെ പിന്തുണയുണ്ടാകാം. മാത്രമല്ല ഇറാനോടും മറ്റുമുള്ള തന്റെ എതിർപ്പും ഏവർക്കും അറിവുള്ളതാണല്ലോ.

വേദപുസ്തക പ്രവചനങ്ങൾ ഒന്നൊന്നായി നിവർത്തിക്കപ്പെടുമ്പോൾ ദൈവജനം നിരാശപ്പെടുകയോ ഭയപ്പെടുകയോ വേണ്ടതില്ല. മണവാളന്റെ വരവ് വാതിൽക്കൽ ആയിരിക്കുന്നു എന്നതിന്റെ മണികിലുക്കങ്ങളാണ് ഇത്തരം സംഭവങ്ങൾ. ആശങ്കാകുലരാകാതെ പ്രത്യാശയാൽ നിറയപ്പെട്ട് കാഹളനാദത്തിനായി കാതോർക്കാം.

## യുവജന പംക്തി

## ചോദ്യങ്ങൾ/ഉത്തരങ്ങൾ

# ചിന്തകൾ നിയന്ത്രിക്കാൻ കഴിയുന്നില്ല



ബിനു വടശ്ശേരിക്കര

**ചിന്തകൾ പലപ്പോഴും അതിരു വിടുന്നു. അനാവശ്യമായ ചിന്തകൾ ആണ് എന്റെ പ്രശ്നം. ഇത് പാപമാണോ?**

ചിന്തകൾ ആണ് മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വ്യത്യസ്തനാക്കുന്നത്. എന്ത് എപ്പോഴും ചിന്തിക്കാൻ ഉള്ള സ്വാതന്ത്ര്യമാണല്ലോ മനുഷ്യനുള്ളത്. ചിന്തകളിലാണ് ഒരുവന്റെ വിജയവും പരാജയവും വിലയിരുത്തുന്നത്. "What you think that you become" എന്നത് ശ്രദ്ധേയമാണ്. നിങ്ങൾ ചിന്തിക്കുന്നതുപോലെ ആയിതീരും. പാപവും ജയവും പരാജയവും എല്ലാം ചിന്തയിലാണ് ആരംഭിക്കുന്നത്.

"The world we have created it is a process of our thinking. It cannot be changed without changing our thinking" Albert Einstein. ലോകം മുഴുവനും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ ചിന്തകൾകൊണ്ടാണ്, നമ്മുടെ ചിന്തകൾ കൂടാതെ അവയ്ക്ക് മാറ്റം വരുത്തുവാനും കഴിയില്ല. നമ്മുടെ ജീവിതവും ഇതുപോലെയാണ്. ഓരോ പ്രായത്തിലും വ്യത്യസ്തമായ ചിന്തകൾ മനുഷ്യരിൽ ഉണ്ടാകുന്നു. ചെറുപ്രായത്തിൽ കളിയും ചിരിയുമായി പോകുമ്പോൾ കൗമാരത്തിലേക്ക് പ്രവേശിക്കുമ്പോൾ ലൈംഗീകമായ ചിന്തകൾ ഉടലെടുക്കുന്നു. ഈ ചിന്തകൾ ആരോഗ്യകരമായ വളർച്ചയുടെ ഭാഗമാണെങ്കിലും ചിന്തകളെ നിയന്ത്രിക്കുവാനും ആരോഗ്യകരമായി തിരിച്ചുവിടുവാനും കഴിയുന്നില്ലെങ്കിൽ തെറ്റുകളിലേക്കും പാപത്തിലേക്കും ജീവിതം ചെന്നെത്തും.

**ചിന്തകൾ പാപമാണോ?**

ചിന്തകൾ പാപമല്ല, അവയെ നിയന്ത്രിക്കാതിരിക്കുന്നതും താലോലിക്കുന്നതും പാപമാണ്. തെറ്റായ ചിന്തകളെ ഒഴിവാക്കാൻ സ്വയം പരിശീലിക്കണം. "Your thoughts carry you wherever you want to go. Weak thoughts don't have the energy to carry you far" എന്നത് മറക്കരുത്. ഒറ്റവാക്കിൽ നിങ്ങളെ മുമ്പോട്ട് കൊണ്ടുപോകുവാൻ കഴിയുന്ന ചിന്തകൾ ആണ് വേണ്ടത്. മടിയന്റെ മനസ് പിശാചിന്റെ പണിപ്പുരയാണ് എന്നത് ഓർക്കുക. നിർജീവമായ മനസിൽ പിശാച് പിടിമുറുക്കും. അനാവശ്യ ചിന്തകളെ മനസിൽ താലോലിക്കുന്നത് പാമ്പിനു പാലുകൊടുക്കുന്നതുപോലെയാണ്. യാക്കോബിന്റെ ലേഖനത്തിൽ പറയുന്ന വാക്യം ശ്രദ്ധിക്കുക. "മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു". പാപത്തെ പ്രസവിക്കുന്നവൻ പാപിയാണ്. പാപത്തിന്റെ ശമ്പളം മരണവും. സ്വന്തം ചിന്തകളെ നിയന്ത്രിക്കുവാനുള്ള Delete ബട്ടൺ നാം സ്വയം ഉപയോഗിക്കണം.

സ്വയം ചിന്തകളെ നിയന്ത്രിക്കാൻ കഴിയാത്തവർക്ക് എങ്ങനെയാണ് ഒരു കുടുംബത്തെയോ സമൂഹത്തെയോ നയിക്കാൻ കഴിയുക. ശരിയായ ചിന്തകൾ ശരിയായ ദിശയിലേക്ക് നമ്മെ നയിക്കും. തെറ്റായത് തെറ്റിലേക്കും പരാജയത്തിലേക്കും.

**പരാജയ ചിന്തകളും നിരാശയും**

ജീവിതത്തെ പണിയുവാനും തകർക്കുവാനും പര്യാപ്തമാണ് നമ്മുടെ ചിന്തകൾ. നല്ലതാണെങ്കിലും ആശങ്കകൾ നന്നല്ല. അതിരുകടന്ന ആശങ്ക ജീവിതത്തിലെ പ്രതീക്ഷകളെ തല്ലി തകർക്കും. ജീവിതത്തിലെ പ്രതീക്ഷകളെ തകർക്കുന്ന രണ്ട് കാര്യങ്ങൾ പരാജയ ചിന്തയും നിരാശയുമാണ്. നിരാശകൾ ജീവിതത്തെ കടന്നുപിടിക്കാതെ ശ്രദ്ധിക്കണം. അപകടങ്ങൾ, പ്രതിസന്ധികൾ, പരാജയങ്ങൾ, ഒറ്റപ്പെടുത്തലുകൾ എല്ലാം നമ്മെ നിരാശയിലെത്തിക്കും. എന്നാൽ ഇവയെ അതിജീവിക്കുവാൻ ദൈവീക വചനം ഉള്ളിൽ ഉണ്ടാകണം. ദൈവീക പ്രത്യാശ ഉള്ളിലുള്ളവർക്ക് പ്രതിസന്ധികളെ സധൈര്യം നേരിടാൻ കഴിയും. തെറ്റുകളും പാപവും നിരാശയിലേക്കും ദൈവീക ബന്ധത്തിനു പുറത്തേക്കും നമ്മെ തള്ളിയിടും. എന്നാൽ തെറ്റുകളെ ഏറ്റു പറയുവാനും പാപത്തെ ഉപേക്ഷിക്കുവാനും കഴിഞ്ഞാൽ ദൈവീക ബന്ധത്തിലേക്ക് നമുക്ക് നടന്നടുക്കാം. യേശു പറയുന്നു: വിചാരപ്പെടുന്നതിനാൽ ഒരു മുഴം കൂട്ടുവാനോ കുറക്കുവാനോ കഴിയുകയില്ല.

നമ്മുടെ വിചാരപെടലുകൾ കൊണ്ട് ജീവിതത്തോട് ഒരു മുഴം കൂട്ടുവാൻ കഴിയില്ലെങ്കിലും കുറയ്ക്കുവാൻ കഴിയും. ഇന്നത്തെ പല ശാരീരിക മാനസിക പ്രശ്നങ്ങൾക്കും കാരണം ഇത്തരം ഉത്കണ്ഠകൾ ആണെന്ന് വൈദ്യശാസ്ത്രം വിലയിരുത്തുന്നു. പലരും രോഗികൾ ആകുന്നതും മരിക്കുന്നതും സ്വന്തം ചിന്തകളിലാണ് എന്നത് വളരെ ശരിയാണ്. ഞാൻ മരിക്കും. ഞാൻ രോഗിയാണ്. ഞാൻ പരാജയപ്പെടും തുടങ്ങിയ ചിന്തകൾ ആണ് പലരെയും ഇല്ലാതാക്കുന്നത്.

**അശ്ലീല ചിന്തകൾ**

ജീവിതത്തെ തകർക്കുന്ന മറ്റൊന്നാണ് അശ്ലീലമായ ചിന്തകൾ. അത് ലൈംഗീക വിഷയങ്ങളോ സഭ്യമല്ലാത്ത മറ്റു ചിന്തകളോ ആകാം. ഇത്തരത്തിലുള്ള ചിന്തകൾക്ക് നാം ഇടംകൊടുക്കുമ്പോൾ ഇത് ഇല്ലായ്മ ചെയ്യുന്നത് നമ്മെ തന്നെയാണ്. നാം കാണുന്നതും കേൾക്കുന്നതും നമ്മുടെ ചിന്തയുടെ ഭാഗമാകുമെന്നതിനാൽ നല്ലതു കാണാനും കേൾക്കാനും ഉത്സാഹിക്കുക. ആധുനിക മാധ്യമങ്ങൾ ഉണ്ടാക്കുന്ന ലൈംഗീക വിപ്ലവത്തിന്റെ അലയടി യുവജനങ്ങളിൽ ആഞ്ഞടിക്കാറുണ്ട്. മനസിനെയും ചിന്തകളെയും തെറ്റിലേക്ക് നയിക്കുന്ന സംസാരങ്ങൾ, ചാറ്റുകൾ, വീഡിയോകൾ, ചിത്രങ്ങൾ ഇവ ഒഴിഞ്ഞിരിക്കുക. ഒഴിവു സമയങ്ങൾ ക്രിയാത്മകമായി ഉപയോഗിക്കുക.

* മൊബൈൽ ഉപയോഗം പരമാവധി കുറക്കുക
* Whtsapp, ഫെയ്സ് ബുക്ക് ഇവ ശരിയായി ഉപയോഗിക്കുക
* രാത്രി വൈകിയും ഇവ ഉപയോഗിക്കരുത്.
* ഇന്റർനെറ്റ് അഡിക്ഷൻ ഇന്ന് യുവജനങ്ങളിൽ വർദ്ധിച്ചു വരുന്നു. ഇതുമൂലം പല ശാരീരിക പ്രശ്നങ്ങൾ സ്വഭാവ വൈകല്യങ്ങൾ ബാധിക്കാറുണ്ട്.

ചിന്തകൾ നേരെയാകട്ടെ അപ്പോൾ ജീവിതം നേരെയാകും. "നിന്റെ കണ്ണു

05

# ഐ. പി. സി. സ്റ്റേറ്റ് കൗൺസിലിന്റെ തുറന്ന കത്തിനുള്ള മറുപടി



**ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയിലെ ബഹുമാന്യരായ എല്ലാ കർത്തൃദാസന്മാർക്കും വിനീതമായ സ്നേഹ വന്ദനം!**

അഭിഷിക്തരായ ദൈവദാസന്മാർ പരിശുദ്ധാത്മാവിന്റെ നിയോഗപ്രകാരം തുടക്കം കുറിച്ച ഐപിസി എന്ന ആത്മീയ പ്രസ്ഥാനം വലിയ പ്രതിസന്ധികളിലൂടെ കടന്നു പോവുകയാണ്. അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഇപ്പോഴത്തെ ജനറൽ/സ്റ്റേറ്റ് നേതൃത്വത്തിന് ഒഴിഞ്ഞു മാറാനാകില്ല. എന്നാൽ വികൃതമായ അവരുടെ മുഖം രക്ഷിക്കാൻ മറ്റുള്ളവരുടെമേൽ പഴിചാരുന്നത് അപഹാസ്യവും അധാർമ്മികവുമാണ്. ആത്മീയതയുടെ പൊയ്മുഖം അണിഞ്ഞിരിക്കുന്ന ഇത്തരക്കാരുടെ യഥാർത്ഥ മുഖം ഐപിസിയിലെ ശുശ്രൂഷകന്മാരും വിശ്വാസസമൂഹവും തിരിച്ചറിഞ്ഞു കഴിഞ്ഞു. അതിൽ വിറളിപൂണ്ട കുബുദ്ധികൾ എനിക്കെതിരെ വീണ്ടും അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് കേരളത്തിലെ സഭകൾക്ക് കത്തയച്ചിരിക്കുകയാണ്.

ഐപിസിയെ കോടതി വ്യവഹാരങ്ങളിലേക്കും ഇത്തരത്തിലുള്ള ദുരവസ്ഥയിലേക്കും എത്തിച്ചതിന്റെ കാരണങ്ങൾ കഴിഞ്ഞ കത്തിൽ ഞാൻ വ്യക്തമാക്കിയിരുന്നല്ലോ? എന്നാൽ തിന്മയുടെ ശക്തികൾ ആരാണെന്ന് കൂടുതൽ വ്യക്തമാകാൻ ചില കാര്യങ്ങൾ കൂടി തുറന്നെഴുതുവാൻ ഞാൻ നിർബന്ധിതനാവുകയാണ്. അതുകൊണ്ടാണ് ഇങ്ങനെ ഒരു കത്തു കൂടി എഴുതേണ്ടിവന്നത്.

സംസ്ഥാന നേതൃത്വത്തിന്റെ പിടിവാശിയും ഭരണഘടനാ വിരുദ്ധ നടപടികളുമാണ് പ്രതിസന്ധികൾക്കും ഭൂരിപക്ഷം കോടതി വ്യവഹാരങ്ങൾക്കും കാരണമെന്ന് പറഞ്ഞാൽ അവർക്ക് നിഷേധിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ദൈവദാസനെപോലെയുള്ള നൂറ് കണക്കിന് ശുശ്രൂഷകന്മാർ ഐഡി കാർഡിനും ഓർഡിനേഷൻ സർട്ടിഫിക്കറ്റിനും മറ്റും നൽകിയ പണം വക്കീലന്മാർക്കും നിരപരാധികളെ ആക്ഷേപിക്കുന്നതിനുള്ള കത്തുകൾ അയക്കുന്നതിനും മറ്റും ചിലവാക്കുന്നതിൽ സംസ്ഥാന നേതൃത്വത്തിന് മന:സാക്ഷികുത്തില്ല എന്നതിൽ വേദന തോന്നുന്നു. മലബാറിലും ഹൈറേഞ്ചിലുമുള്ള നിരവധി ശുശ്രൂഷകന്മാർ അർദ്ധ പട്ടിണിയിൽ കഴിയുമ്പോഴാണ് ഈ ധൂർത്ത് നടത്തുന്നത്. വിശ്വാസികൾക്ക് ആരാധിക്കാനുള്ള സഭാഹാളുകളും ശുശ്രൂഷന്മാർക്ക് താമസിക്കുവാനുള്ള പാഴ്സനേജുകളും ഇല്ലാത്ത നൂറുകണക്കിന് സഭകൾ ഉള്ളപ്പോൾ ലക്ഷങ്ങൾ അനാവശ്യ കാര്യങ്ങൾക്കായി ചിലവഴിക്കുകയാണ്. എന്നാൽ ഞാൻ സഭയ്ക്കുവേണ്ടി നടത്തിയ കേസുകളിൽ ഒരു രൂപപോലും സഭാഫണ്ടിൽ നിന്നും എടുത്തിട്ടില്ലെന്ന് സഭയുടെ കണക്കുകൾ പരിശോധിച്ചാൽ ബോധ്യപ്പെടും.

**കത്തിലൂടെ എനിക്കെതിരെ ഉന്നയിച്ച പ്രധാനപ്പെട്ട ആരോപണങ്ങൾക്കുള്ള മറുപടി**

1. സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ജനറൽ കൗൺസിലിന്റെ അനുമതി ആവശ്യം ഇല്ലായെന്നത് ശരിയാണെങ്കിലും ജനറൽ കൗൺസിലിന്റെ മാർഗ നിർദ്ദേശം അനുസരിച്ചാണ് ദീർഘ വർഷങ്ങളായി കേരളത്തിലെ തെരഞ്ഞെടുപ്പ് നടന്നു വരുന്നത്. അതിന്റെ പ്രധാന കാരണം വിവിധ സ്റ്റേറ്റ്/റീജിയനുകളിൽ നിന്നുള്ള ജനറൽ കൗൺസിൽ അംഗങ്ങളുടെ എണ്ണം തീരുമാനിക്കുന്നത് തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്ന ജനറൽ കൗൺസിലാണ് എന്നതാണ്. കേരളത്തിന്റെ പ്രാതിനിധ്യം 23 ൽ നിന്നും 27 ആയി വർദ്ധിപ്പിക്കാൻ ജൂൺ 8 ന് കൂടിയ ജനറൽ കൗൺസിലാണ് തീരുമാനിച്ചത്. എന്നാൽ അതിനുമുമ്പ് (ഏപ്രിൽ 30 ന്) കേരളത്തിൽ നിന്നുള്ള 23 പേരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിരുന്നു. ഭരണഘടനക്കും ജനാധിപത്യത്തിനും വിരുദ്ധമായ ഈ നടപടിയെ ചിലർ കോടതിയിൽ ചോദ്യം ചെയ്തു. പ്രശ്നങ്ങൾ കോടതിയിൽ എത്തിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരളാസ്റ്റേറ്റ് കൗൺസിൽ ഭാരവാഹികൾക്കു മാത്രമാണെന്ന് ഇതിൽ നിന്നും മനസിലാകുമല്ലോ?. എന്നാൽ ജനറൽ സെക്രട്ടറിയായിരുന്ന എന്റെ ചുമലിൽ അതിന്റെ ഉത്തരവാദിത്വം കെട്ടിവയ്ക്കാൻ ശ്രമിക്കുന്നത് അധാർമികമല്ലേ? അധികാരകൊതിയന്മാരായ അഭിനവ നേതൃത്വം "അങ്ങാടിയിൽ തോറ്റതിന് അമ്മയോട്" എന്ന നിലയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തി വരുന്നത്.

2. കേരളാസ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കേസിലെ വാദികളായ മർക്കോസും വിനോദുമായി എനിക്ക് യാതൊരു ബന്ധവുമില്ല. അവരെ ഞാൻ ഒരിക്കൽ പോലും കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. അവരുമായി ഗൂഢാലോചന നടത്തുകയും കേസിൽ ഒത്തുകളിക്കുകയും ചെയ്തു എന്ന സ്റ്റേറ്റ് ഭാരവാഹികളുടെ പ്രചരണം ദുഷ്ടലാക്കോടെയുള്ളതാണ്. അവർ ഐപിസി അംഗങ്ങൾ ആണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത് എന്റെ ഉത്തരവാദിത്വമല്ല. ജനറൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഞാൻ ഒന്നാം പ്രതി എന്ന നിലയിൽ കേസിൽ സത്യവാങ്മൂലം നൽകുക മാത്രമാണ് ചെയ്തത്. പ്രസ്തുത സത്യവാങ്മൂലത്തിൽ വിശുദ്ധ വേദപുസ്തകത്തിനോ സഭയുടെ ഭരണഘടനക്കോ കീഴ്‌വഴക്കങ്ങൾക്കോ വിരുദ്ധമായി ഒന്നും എഴുതിയിട്ടില്ല. അങ്ങനെ ചെയ്തിട്ടുണ്ടെന്ന് തെളിയിക്കാൻ ആരോപണം ഉന്നയിച്ചവരെ ഞാൻ വെല്ലുവിളിക്കുന്നു.

കെ.പി. കുര്യനെ തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കുന്നതിനുള്ള അപേക്ഷ കോടതി നിരസിച്ചപ്പോൾ വാദികളായ മർക്കോസിനേയും വിനോദിനെയും തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കാൻ കോടതി ആവശ്യപ്പെട്ടത് അവർ ഐപിസി അംഗങ്ങൾ ആയതുകൊണ്ടല്ലേ? വ്യാജം പ്രചരിപ്പിക്കുന്നവർക്ക് ദൈവത്തെ ഭയവും മനുഷ്യനെ ശങ്കയും ഇല്ലെങ്കിലും കോടതിയെ എങ്കിലും ബഹുമാനിക്കാൻ തയാറാകണം.

3. കേരളാസ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് എപ്പോൾ നടത്തണമെന്ന് കേസിലെ പ്രതിയായ ഞാൻ കോടതിയോട് ആവശ്യപെട്ടിട്ടില്ല. എന്നാൽ ജനറൽ ഇലക്ഷനുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് തെരഞ്ഞെടുപ്പ് നടത്തുന്നതാണ് കീഴ്‌വഴക്കമെന്നും അങ്ങനെ ആയാൽ പല പ്രശ്നങ്ങളും ഒഴിവാക്കാൻ കഴിയുമെന്നും സത്യവാങ്മൂലത്തിലൂടെ ആവശ്യപ്പെട്ടു. (ദീർഘ വർഷങ്ങളായി സ്റ്റേറ്റ് കൗൺസിൽ തെരഞ്ഞെടുപ്പ് ജനറൽ കൗൺസിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തിയാണ് നടന്നു വരുന്നത് എന്നത് ദൈവദാസനും ബോധ്യമുള്ളതാണല്ലോ). അതനുസരിച്ച് ഭരണഘടനക്ക് അനുസൃതമായി തെരഞ്ഞെടുപ്പ് നടത്താൻ ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടു. എന്നാൽ പ്രസ്തുത വിധിയെ ദുർവ്യാഖ്യാനം ചെയ്ത് ധൃതിപിടിച്ച് തെരഞ്ഞെടുപ്പ് നടത്തിയതാണ് പ്രശ്നങ്ങൾക്ക് പ്രധാന കാരണം.

4. വാദികളെ പിന്തുണച്ചും കേസിലെ മൂന്നാം പ്രതിയും സ്റ്റേറ്റ് പ്രസിഡന്റുമായ പാസ്റ്റർ കെ.സി. തോമസിനെ കുറ്റപ്പെടുത്തിയും കോടതിയിൽ ഞാൻ സത്യവാങ്മൂലം കൊടുത്തു എന്നതാണ് എനിക്കെതിരെയുള്ള മറ്റൊരാരോപണം. അത് തികച്ചും അടിസ്ഥാന രഹിതമാണ്. അങ്ങനെയെങ്കിൽ അത് പരസ്യപ്പെടുത്തുവാൻ കൗൺസിൽ ഭാരവാഹികൾ തയാറുണ്ടോ? നിരന്തരം വ്യാജം പറയുന്ന സ്റ്റേറ്റ് സെക്രട്ടറി അത് തെളിയിക്കാൻ തയാറാകണം. ആടിനെ പട്ടിയാക്കാനും പട്ടിയെ പേപ്പട്ടി ആക്കാനും പിന്നെ അതിനെ തല്ലികൊല്ലാനും അദ്ദേഹം വിദഗ്ദനാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്.

5. ഞാനും പാസ്റ്റർ ഫിലിപ്പ് പി. തോമസും സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലാണ് പാസ്റ്റർ കെ.സി. തോമസിനെ മൂന്നരമണിക്കൂർ കോടതി വിസ്തരിച്ചതെന്നാണ് കത്തിലൂടെ ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഇതും വ്യാജപ്രചരണം മാത്രമാണ്. അങ്ങനെ ഒരു സത്യവാങ്മൂലം നൽകിയതിന്റെ രേഖകൾ ഹാജരാക്കാൻ ഉത്തരവാദിത്തപ്പെട്ടവർ തയാറാകണം. അദ്ദേഹം നേരിട്ട് ആവശ്യപ്പെട്ടതനുസരിച്ചാണ് ബഹു. കോടതി അദ്ദേഹത്തെ വിസ്തരിച്ചത്. എന്നാൽ ഐപിസി ജനറൽ സെക്രട്ടറിയായ എന്നെ വിളിച്ചു വരുത്തി വിസ്തരിക്കണമെന്നും ജനറൽ കൗൺസിലിന്റെ മിനിട്സ് ബുക്ക് കോടതിയിൽ സൂക്ഷിക്കണമെന്നും ആവശ്യപ്പെട്ട് കോടതിയിൽ ഹർജി നൽകിയത് പാസ്റ്റർ കെ.സി. തോമസാണ്. (അദ്ദേഹം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലവും ഹർജിയും ഇതൊടൊപ്പം ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുക). കള്ളം പറഞ്ഞിട്ട് കോടതിയിൽ സത്യം.... സത്യം... എന്നെഴുതി സമർപ്പിച്ച സത്യവാങ്മൂലം സത്യവിരുദ്ധവും കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നതും ആയിരുന്നു.

സ്റ്റേറ്റ് പ്രസിഡന്റായ പാസ്റ്റർ കെ.സി. തോമസ് ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത ജനറൽ കൗൺസിലിന്റെ മിനിട്സ് വ്യാജവും പേജുകൾ വലിച്ചു കീറിയിട്ടുള്ളതുമാണെന്ന് സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. കൂടാതെ ജനറൽ സെക്രട്ടറിയായ ഞാൻ മിനിട്സ് ബുക്ക് അനധികൃതമായി കടത്തികൊണ്ട് പോകുകയും അതിൽ കൃതൃമം കാണിക്കുകയും ചെയ്തെന്നും സത്യവാങ്മൂലത്തിൽ എഴുതിയിട്ടുണ്ട്. ഒരു സ്റ്റേറ്റിന്റെ പ്രസിഡന്റ് എന്ന നിലയിൽ നിരവധി ആത്മീയ-കാർമ്മിക ശുശ്രൂഷകൾ നിർവഹിക്കുന്ന പാസ്റ്റർ കെ.സി. തോമസ് കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലം സത്യമാണെന്ന് ദൈവസന്നിധിയിൽ മന:സാക്ഷി കുത്തില്ലാതെ പറയാൻ കഴിയുമോ? തുടർച്ചയായി വ്യാജം പറയുകയും എഴുതുകയും ചെയ്യുന്നതുമൂലം മന:സാക്ഷി മരവിച്ചു പോയിട്ടുണ്ടാവുമെന്നാണ് കരുതേണ്ടത്. എല്ലാം ശോധന ചെയ്യുന്ന സർവ്വശക്തനായ ദൈവത്തിന്റെ സന്നിധിയിൽ നിൽക്കുന്ന നാളിൽ ഇതിനെല്ലാം കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് വ്യാജം പ്രചരിപ്പിക്കുന്നവർ തിരിച്ചറിയണം.

സ്റ്റേറ്റ് വൈസ്പ്രസിഡന്റും കേസിലെ നാലാം പ്രതിയുമായ പാസ്റ്റർ രാജു പൂവക്കാല കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിലും പ്രസിഡന്റ് പറഞ്ഞ വ്യാജം ആവർത്തിച്ചിരിക്കുകയാണ് (തെളിവ് ഹാജരാക്കാം). ഒരു കള്ളം എത്ര ആവർത്തിച്ചു പറഞ്ഞാലും എഴുതിയാലും ഒരിക്കലും സത്യമാകുകയില്ലല്ലോ! ലോക മനുഷ്യൻ പോലും പറയാനും ചെയ്യാനും മടിക്കുന്ന കാര്യങ്ങൾ ചെയ്യുന്ന ഇത്തരക്കാർ ദൈവസഭക്കും വിശ്വാസ മൂഹത്തിനും അപമാനമാണ്. സഭയുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ തുടരാൻ ഇവർക്ക് ധാർമ്മിക അവകാശം നഷ്ടപ്പെട്ടിരിക്കുകയല്ലേ? വിശുദ്ധ വേദപുസ്തകവുമായി ആത്മീയ ശുശ്രൂഷകൾ നിർവഹിക്കാൻ ഇക്കൂട്ടർക്ക് എങ്ങനെ കഴിയുന്നു. ശരിയായ മാനസാന്തരം ദൈവം ഇവർക്ക് നൽകട്ടെയെന്ന് പ്രാർഥിക്കുന്നു.

പാസ്റ്റർ കെ.സി. തോമസ് കോടതിയിൽ നൽകിയ സത്യവാങ്മൂലം സത്യമായിരുന്നെങ്കിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് ജനറൽ പ്രസിഡന്റിന് എന്തുകൊണ്ട് കത്ത് നൽകി? ആക്ടിംഗ് സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ച ഞാൻ ജനറൽ സെക്രട്ടറിയായി നിൽക്കണമെന്ന് വിവിധ ഭാഗങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായിട്ടും പാസ്റ്റർ കെ.സി. ജോണിന്റെ അഭ്യർത്ഥന മാനിച്ച് ജോ. സെക്രട്ടറിയായി നിൽക്കാനാണ് ശ്രമിച്ചത്. എന്റെ പ്രവർത്തനങ്ങൾ സഭാവിരുദ്ധവും അധാർമ്മികവും ആയിരുന്നെങ്കിൽ സ്റ്റേറ്റ് ഭാരവാഹികളുടെ പിന്തുണയുണ്ടായിരുന്ന പാസ്റ്റർ കെ.സി. ജോൺ നേതൃത്വം നൽകിയ പാനലിൽ ജോ. സെക്രട്ടറി സ്ഥാനാർത്ഥിയായി നിൽക്കാൻ എന്നെ എന്തിനു നിർബന്ധിച്ചു? 'ഉത്തരം മുട്ടിയപ്പോൾ കൊഞ്ഞനം കുത്തുന്ന' നടപടിയാണ് പാസ്റ്റർ കെ.സി. തോമസിന്റെ നേതൃത്വത്തിലുള്ള കേരളാസ്റ്റേറ്റ് ഭാരവാഹികൾ ചെയ്തു കൊണ്ടിരിക്കുന്നത്.

6. ജനറൽ കൗൺസിൽ ഭാരവാഹികളുടെ ഇലക്ഷൻ തടയാൻ ഞാൻ ശ്രമിച്ചു എന്നതാണ് എനിക്കെതിരെ ഉന്നയിക്കുന്ന മറ്റൊരു ആരോപണം. തെരഞ്ഞെടുപ്പ് അനന്തമായി നീട്ടിക്കൊണ്ട് പോകരുതെന്ന് ഞാൻ ജന.പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോണിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് അദ്ദേഹം നിഷേധിക്കുമെന്ന് കരുതുന്നില്ല. ജനറൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുത്തിട്ടുള്ള അംഗങ്ങൾ അതിന് സാക്ഷികളാണ്. എന്നാൽ ഐപിസി ജനറൽ സെക്രട്ടറിക്കെതിരെ ഒരു സ്റ്റേറ്റ് പ്രസിഡന്റ് കോടതിയിൽ വ്യാജ സത്യവാങ്മൂലം നൽകിയത് സംഘടനാ രീതികൾക്ക് എതിരാണെന്നും അതിനാൽ പാസ്റ്റർ കെ.സി. തോമസ് നൽകിയ സത്യവാങ്മൂലം പിൻവലിക്കുക്കയോ ഖേദം പ്രകടിപ്പിക്കുകയോ ചെയ്യാതെ ജനറൽ കൗൺസിലിന്റെ മീറ്റിംഗ് നടത്തരുതെന്നും കൗൺസിൽ അംഗങ്ങളാണ് ആവശ്യപ്പെട്ടത്.

7. ആഗസ്റ്റ് 10 ന് കൂടിയ ഐപിസി ജനറൽ ബോഡിയിൽ ഞാൻ പാസ്റ്റർ കെ.സി. തോമസിനെ ആക്ഷേപിച്ചു എന്ന ആരോപണവും പച്ചകള്ളമാണ്. ഐപിസി ജനറൽ കൗൺസിലിന്റെ മിനിട്സും റിപ്പോർട്ടും വ്യാജമാണെന്ന് പാസ്റ്റർ കെ.സി. തോമസ് കോടതിയിൽ സത്യവാങ്മൂലം കൊടുത്തിട്ടുണ്ടെന്നും അതിനാൽ അങ്ങനെയുള്ള റിപ്പോർട്ട് വായിക്കണമോയെന്ന് ജനറൽ ബോഡിയോട് ചോദിക്കുക മാത്രമാണ് ഞാൻ ചെയ്തത്. അത് ജനറൽ ബോഡിയിൽ പങ്കെടുത്ത എല്ലാവർക്കും ബോധ്യമുള്ളതാണ്.

എനിക്കെതിരെ കോടതിയിൽ സത്യവാങ്മൂലം നൽകിയതിൽ ഖേദം പ്രകടിപ്പിച്ച് കത്ത് നൽകിയ (കോപ്പി ഹാജരാക്കാം) പാസ്റ്റർ കെ.സി. തോമസിന്റെ നേതൃത്വത്തിലുള്ള സംസ്ഥാന ഭാരവാഹികൾ തന്നെ എനിക്കെതിരെ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ വീണ്ടും ഉന്നയിച്ച് കേരളത്തിലെ സഭകൾക്ക് കത്തയച്ചത് ഒരു ആത്മീകന് യോജിച്ച നടപടി ആണോ? സാമൂഹ്യ മാധ്യമങ്ങളിലൂടെ ഞാൻ സഭക്കെതിരായി ഒരിക്കലും സംസാരിച്ചിട്ടില്ല. എന്നാൽ പാസ്റ്റർ കെ.സി. തോമസ് സാമൂഹ്യ മാധ്യമത്തിൽ നടത്തിയ പ്രസ്താവനയെകുറിച്ച് ചില സഹോദരന്മാർ എന്നോട് ചോദിച്ചപ്പോൾ അതിന് വിശദീകരണം നൽകുക മാത്രമാണ് ഞാൻ ചെയ്തത്.

8. ഐപിസി ജനറൽ ഇലക്ഷനെതിരെ പത്തനാപുരം സഭാംഗമായ ജോജി ജോസഫ് കേസ് കൊടുത്തത് എന്റെ അറിവോടെയോ അനുമതിയോടെയോ ആയിരുന്നില്ലെന്ന് സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്ന മഹാ ദൈവത്തിന്റെ സന്നിധിയിൽ നിന്നുകൊണ്ടു പറയുവാൻ എനിക്ക് പ്രാഗത്ഭ്യം ഉണ്ട്. എന്നോട് അഭിപ്രായം ചോദിച്ചിരുന്നെങ്കിൽ ഞാനൊരിക്കലും സഭയ്ക്കെതിരെ കേസ് കൊടുക്കുവാൻ പ്രോത്സാഹിപ്പിക്കുമായിരുന്നില്ല. അക്കാര്യം ജോജി തന്നെ പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്.

ഐപിസി എന്ന ആത്മീയ പ്രസ്ഥാനത്തിന്റെ ഭാരവാഹി എന്ന നിലയിൽ ചില വർഷങ്ങൾ പ്രവർത്തിച്ചത് ഭാഗ്യവും ദൈവീക നിയോഗവുമായി ഞാൻ കരുതുന്നു. അതിന് ദൈവദാസന്റെ പ്രാർഥനയും പിന്തുണയും എനിക്കുണ്ടായിരുന്നത് നന്ദിയോടെ ഓർക്കുന്നു. ഈ കാലയളവിൽ വിശുദ്ധ വേദപുസ്തകത്തിനോ സഭയുടെ ഭരണഘടനക്കോ വിരുദ്ധമായി ഞാൻ ഒന്നും ചെയ്തിട്ടില്ല. ഭരണഘടനാ വിരുദ്ധമായതും സഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതുമായ പല കാര്യങ്ങളേയും ഞാൻ അനുകൂലിക്കാതിരുന്നപ്പോൾ ചില സ്റ്റേറ്റ്/ജനറൽ കൗൺസിൽ

05

# ഏ. ജി. ശതാബ്ദി സമ്മേളനം മാവേലിക്കരയിൽ നവം. 26ന്

**മാവേലിക്കര:** അസംബ്ലീസ് ഓഫ് ഗോഡ് മാവേലിക്കര സെക്ഷന്റെ ചുമതലയിൽ ശതാബ്ദി ആഘോഷവും കൺവൻഷനും 2016 നവംബർ 23 – 27 വരെ മാവേലിക്കര ഫസ്റ്റ് ഏ. ജി. ഗ്രൗണ്ടിൽ നടക്കും. ധ്യാനയോഗങ്ങൾ, സെമിനാറുകൾ, ചിത്രപ്രദർശനം, പെന്തെക്കോസ്ത് നേതൃസംഗമം, സാഹിത്യസമ്മേളനം, മാധ്യമസമ്മേളനം തുടങ്ങിയവ ശതാബ്ദി സമ്മേളനത്തോടനുബന്ധിച്ച് നടക്കും.

26 ശനിയാഴ്ച നടക്കുന്ന സമ്മേളനത്തിൽ എസ്. ഐ. ഏ. ജി. ജനറൽ സെക്രട്ടറി ഡോ. ഐസക് വി. മാത്യു മുഖ്യ അതിഥിയായിരിക്കും. പാസ്റ്റേഴ്സ് റ്റി. ജെ. ശമുവേൽ, പി. എസ്. ഫിലിപ്പ്, രാജു ആനിക്കാട്, ജോയി പാറയ്ക്കൽ, കോശി വൈദ്യൻ എന്നിവർ രാത്രിയോഗങ്ങളിൽ പ്രസംഗിക്കും.

പാസ്റ്റർ വി. വൈ. ജോസുട്ടി (ചെയർമാൻ), പാസ്റ്റർ സതീശൻ കെ. കെ. (ജനറൽ കൺവീനർ), പാസ്റ്റർ മാത്യു ലാസർ (ജോയിന്റ് കൺവീനർ), പാസ്റ്റർ ജോയി ഫിലിപ്പ് (ഫുഡ് കൺവീനർ), പാസ്റ്റർ വി. ജി. ഫിലിപ്പ് (പബ്ലിസിറ്റി), പാസ്റ്റർ റെജി മോൻസി, ജോയി (ഫിനാൻസ്), പാസ്റ്റർ റെജിമോൻ പി. ബി. (പ്രോഗ്രാം), ബ്രദർ സുനിൽ പി. വർഗീസ് (മീഡിയ), ബ്രദർ അനീഷ് തോമസ് (ട്രാൻസ്പോർട്ടേഷൻ), പാസ്റ്റർ മുകുന്ദൻ (പ്രയർ), പാസ്റ്റർ റെജി തങ്കച്ചൻ (പന്തൽ & സൗണ്ട്സ്), പാസ്റ്റർ തോമസ് ഫിലിപ്പ് (ചരിത്രപ്രദർശനം), ബ്രദർ സുനിൽ പി. വർഗീസ് (സുവനീർ & എസ്. എസ്. ഡയറക്ടർ), പാസ്റ്റർ പി. പി. ചെറിയാൻ (തിരുമേശ) എന്നിവരുടെ നേതൃത്വത്തിൽ ശതാബ്ദി സമ്മേളന കമ്മറ്റി പ്രവർത്തിക്കുന്നു.

# ദൈവസഭ റൈറ്റേഴ്സ് ഫെലോഷിപ്പിന് പുതിയ നേതൃത്വം


റോയി മേപ്രാൽ


റവ. ഫിലിപ്പ് തോമസ്


സിസ്റ്റർ സൂസൻ ബി. ജോൺ


റവ. പി. പി. കുര്യൻ

നോർത്ത് അമേരിക്കൻ ദൈവസഭകളിലെ റൈറ്റേഴ്സ് ഫെലോഷിപ്പിന് അടുത്ത രണ്ട് വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. റോയി മേപ്രാൽ (ചീഫ് എഡിറ്റർ), റവ. ഫിലിപ്പ് തോമസ്(സെക്രട്ടറി), ബ്രദർ ഷാജി വെണ്ണിക്കുളം(ജോയിന്റ് സെക്രട്ടറി), സിസ്റ്റർ സൂസൻ ബി. ജോൺ (ട്രഷറർ) എന്നിവരെ കൂടാതെ ബ്രദേഴ്സ് ജേക്കബ് മാത്യു, റെജി ഫിലിപ്പ്, ഫിനോയി ജോൺസൺ, റവ. രാജൻ എബ്രഹാം, സിസ്റ്റേഴ്സ് ഡോ. ജോളി ജോസഫ്, ഏലിയാമ്മ ലൂക്കോസ്, ബിന്ദു എബ്രഹാം എന്നിവർ ഉൾപ്പെടുന്ന കമ്മറ്റിയും രൂപീകരിച്ചു. റവ. പി. പി. കുര്യൻ പബ്ലിക്കേഷൻ കോർഡിനേറ്ററായി പ്രവർത്തിക്കും.

## കല്ലുകടി

# അശ്ലീല സാഹിത്യകാരനെതിരെ നിയമനടപടി?

അശ്ലീല സാഹിത്യത്തിൽ ഡോക്ടറേറ്റുള്ള ഒരു സാഹ്യകാരനേ പെന്തെക്കോസ്തിൽ ഉള്ളൂ എന്നാണ് ജനസംസാരം. ഇക്കിളികഥകൾ പറഞ്ഞും എഴുതിയും ഊമക്കത്തുകൾ പ്രചരിപ്പിച്ചും താൻ ഇതിൽ അഗ്രഗണ്യനാണെന്ന് തെളിയിച്ച കക്ഷിക്ക് ഇടയ്ക്കിടയ്ക്ക് ചൊറിച്ചിലിന്റെ അസ്കിത കലശലാകാറുണ്ട്. അപ്പോൾ ആരെക്കുറിച്ചെങ്കിലുമൊക്കെ തെറിക്കഥ എഴുതുക എന്നത് ശീലമായി മാറിക്കഴിഞ്ഞു. ഏഴു കുളങ്ങളുടെ നാട്ടിൽ നിന്ന് ഏഴാംകടലിനക്കരെ സസുഖം വാഴുന്നതിന്റെ ഒരു ഏനക്കേടും ഇദ്ദേഹത്തിനുണ്ട്. വാവടുക്കുമ്പോൾ പശുക്കൾ അമറുന്നതുപോലെയുള്ള ഒരു സോക്കേട് ആയിരിക്കാം ഇദ്ദേഹത്തിനുമെന്ന് വിവരമുള്ളവർ പറഞ്ഞിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് ഇലക്ഷൻ സമയത്ത് ഇദ്ദേഹം പടച്ചുവിട്ട അധമസാഹിത്യം അഥവാ ഊമൻ ഈ-മെയിലിലൂടെ അനേകർക്ക് അയച്ചുകൊടുത്തു. ഈ-മെയിലിലൂടെ സുവിശേഷം അറിയിക്കുന്നതിൽ ബദ്ധശ്രദ്ധനാണെന്ന് അവകാശപ്പെടുന്ന ഇദ്ദേഹം തന്നെ അശ്ലീല സാഹിത്യവും അറിയിച്ചപ്പോൾ അതിലെ വൈരുദ്ധ്യം തിരിച്ചറിഞ്ഞവർ മൂക്കത്ത് വിരൽ വെച്ചു. അന്ന് അദ്ദേഹം അയച്ച അശ്ലീല സാഹിത്യം കേരളത്തിലെ പ്രമുഖ സെക്കുലർ പത്രത്തിന്റെ ഈ-മെയിൽ അഡ്രസിലും എത്തിയെന്ന് അറിയുമ്പോൾ ഡോക്ടറുടെ സംസ്കാരം എത്രയെന്ന് മനസ്സിലാക്കുവാൻ കഴിയും.

ഇദ്ദേഹത്തിന്റെ തനിനിറം തിരിച്ചറിഞ്ഞവർ നവമാധ്യമങ്ങളിൽ ശക്തമായി പ്രതികരിക്കുവാൻ തുടങ്ങി. മറുപടി പറയുവാൻ ഇല്ലാതെ വിഷമിച്ച് അലഞ്ഞ ഡോക്ടർ പതിവുപോലെ തന്റെ പരിപാടി ആവർത്തിച്ചു. പ്രമുഖ പെന്തെക്കോസ്ത് നവമാധ്യമ കൂട്ടായ്മയായ എം. പി. എഫ്. റ്റിയുടെ സംഘാടകർക്കെതിരെ കക്ഷി അശ്ലീല പദപ്രയോഗങ്ങളിലൂടെ വിഷം ചീറ്റാൻ തുടങ്ങി. ലോകം മുഴുവൻ സുവിശേഷം പ്രചരിപ്പിക്കുന്ന മഹാന്റെ തൂലികയിൽ നിന്ന് ഒഴുകിയിറങ്ങിയത് ലോകമനുഷ്യൻ അറയ്ക്കുന്ന കാര്യങ്ങൾ. സംഗതി എന്തായാലും ഇക്കുറി കുടുങ്ങുമെന്നാണ് കേൾക്കുന്നത്. നവമാധ്യമ കൂട്ടായ്മക്കാർ കക്ഷിക്കെതിരെ നിയമനടപടിയുമായി മുന്നോട്ട് പോകുകയാണ്. ഈ കൂട്ടായ്മയിലെ സഹോദരിമാരെക്കുറിച്ച് അപകീർത്തിപരമായ കാര്യങ്ങൾ ഇദ്ദേഹം ഫേസ്ബുക്കിൽ പ്രചരിപ്പിക്കുകയാണ്. പലനാൾ കള്ളൻ ഒരുനാൾ പിടിക്കപ്പെടും എന്നാണല്ലോ.

**അടിക്കുറിപ്പ്:** നീല ചായത്തിൽ വീണാലും കുറുക്കൻ കുറുക്കൻ അല്ലാതാകില്ല. പൂർണ്ണ നിലാവ് ഉദിച്ചുയരുമ്പോൾ അവൻ അറിയാതെ കൂകി പോകും.

# 04 തുറന്ന കത്തിനുള്ള മറുപടി....

ഭാരവാഹികളുടെ എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. നിയമവിരുദ്ധമായ കത്തുകളും രേഖകളും ഒപ്പിട്ട് നൽകുവാൻ നിർബന്ധിച്ചപ്പോൾ ഞാൻ അതിന് തയാറായിട്ടില്ല. കടുത്ത സമ്മർദ്ദങ്ങളെ അതിജീവിച്ചുകൊണ്ട് എന്റെ ചുമതലകൾ ഭംഗിയായും സത്യസന്ധമായും നിർവഹിച്ചു എന്നാണ് എന്റെ വിശ്വാസം. ചിലരുടെ താൽപര്യങ്ങൾക്ക് വഴങ്ങാതിരുന്നതാണ് എനിക്കെതിരായ ദുഷ്പ്രചരണങ്ങൾ നടത്താൻ കാരണം. വീണ്ടും എന്നെ വ്യക്തിഹത്യ ചെയ്യാനുള്ള ഗൂഢ തന്ത്രങ്ങൾ ചിലർ ആവിഷ്കരിക്കുന്നതായി അറിയുന്നു. അങ്ങനെയെങ്കിൽ ചില വസ്തുതകൾകൂടി തെളിവ് സഹിതം എനിക്ക് വെളിപ്പെടുത്തേണ്ടി വരുമെന്ന കാര്യം ഖേദത്തോടെ അറിയിക്കട്ടെ.

സഭയെ നയിച്ച ആദ്യകാല പിതാക്കന്മാർ സത്യസന്ധതയോടും നീതിയോടും തീരുമാനങ്ങൾ എടുത്തിരുന്നു. വിശുദ്ധിക്കും വേർപാടിനും വേണ്ടി അവർ നിലകൊണ്ടു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ആത്മീയ ധാർമ്മിക മൂല്യങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോഴത്തെ നേതൃത്വം സ്വീകരിക്കുന്നത് എന്നത് ഖേദകരമാണ്. ദൈവദാസന്മാരെയും ദൈവജനങ്ങളെയും ഒന്നായി കാണേണ്ടതിനു പകരം വിഭാഗീയതയുടെ വിത്തുകൾ വിതക്കുകയാണ്. ബന്ധുക്കളെയും പാർശ്വവർത്തികളേയും മാനദണ്ഡങ്ങൾ ലംഘിച്ച് നിയമിക്കുകയും പണസമ്പാദനത്തിന് അവസരം നൽകുകയും ചെയ്യുന്നു. ഓഫീസ് ജോലികൾ ഭംഗിയായി നിർവഹിച്ചുവന്ന ആളിനെ ഒഴിവാക്കി ഉയർന്ന ശമ്പളം നൽകി ബന്ധുവിനെ നിയമിച്ചു. ബന്ധു നിയമനം വിവാദം ആയപ്പോൾ സംസ്ഥാന വ്യവസായ മന്ത്രി ഇ. പി. ജയരാജൻ രാജി വയ്ക്കാൻ തയാറായി. രാഷ്ട്രീയക്കാർ കാണിച്ച ധാർമ്മികതപോലും ആത്മീയ നേതൃത്വത്തിനത്തിനില്ലാതെ പോയി. എന്തെല്ലാം ആരോപണങ്ങൾ ഉണ്ടായാലും നേതൃത്വത്തിന് തെല്ലും കുലുക്കമില്ല എന്നത് ദുഃഖകരമാണ്.

ഇന്നത്തെ നേതൃത്വത്തിലുള്ള പലരുടേയും സുവിശേഷ വേലക്കിറങ്ങിയ കാലത്തെ ആസ്തിയും ഇപ്പോഴത്തെ ആസ്തിയും വിശ്വാസ സമൂഹത്തിനു മുമ്പിൽ വെളിപ്പെടുത്താൻ തയാറുണ്ടോ? അങ്ങനെ ചെയ്താൽ അവരുടെ മുഖം കൂടുതൽ വികൃതമാകും. നേതാക്കന്മാരുടെ വിദേശ യാത്രകളുടെ ലക്ഷ്യം സുവിശേഷീകരണമോ? സഭാ വളർച്ചയോ അല്ലല്ലോ? സ്വന്തം കുടുംബത്തിന്റെ അഭിവൃദ്ധിയും സാമ്പത്തിക നന്മയും മാത്രമാണ് അവർ ആഗ്രഹിക്കുന്നത്. അവർക്ക് ലഭിക്കുന്ന ഭൗതിക നന്മയിൽ നിന്നും കഷ്ടത അനുഭവിക്കുന്ന കൂട്ടുവേലക്കാരുടെ കണ്ണീരൊപ്പാൻ മനസില്ലാതെ മുതലക്കണ്ണീരൊഴുക്കുന്ന നേതാക്കന്മാരെ ഓർത്ത് ദൈവവും വിശ്വാസ സമൂഹവും വേദനിക്കുന്നില്ലേ?

ഇടുങ്ങിയ സാഹചര്യങ്ങളിൽ സുവിശേഷ വേല ചെയ്യുന്ന സാധാരണ ശുശ്രൂഷകന്മാരെ സ്ഥലം മാറ്റുന്ന ജനറൽ/സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികൾ സഭയുടെ പേരിൽ പിരിച്ച കോടികൾ ഉപയോഗിച്ച് വാങ്ങിയ സ്ഥലത്ത് സ്വന്തം സാമ്രാജ്യം പടുത്തുയർത്തി അവിടെ ദീർഘകാലമായി വാഴുകയല്ലേ? അതുകൊണ്ട് സ്ഥലം മാറേണ്ടി വരുന്ന പാവപ്പെട്ട ശുശ്രൂഷകന്റെ വേദന മനസിലാക്കാൻ നേതൃത്വത്തിന് കഴിയുന്നില്ല എന്നതല്ലേ വാസ്തവം.

സഭാ അധ്യക്ഷന്റെ യോഗ്യതകൾ വേദപുസ്തകം വ്യക്തമായി വിശദീകരിക്കുന്നുണ്ട്. **'അധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥി പ്രീയനും ഉപദേശിപ്പാൻ സമർത്ഥനുമായിരിക്കണം. മദ്യപ്രിയനും തല്ലുകാരനും അരുത്, ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹം ഇല്ലാത്തവനും സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവനും ആയിരിക്കണം. സ്വന്ത കുടുംബത്തെ ഭരിക്കാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും'** (1തിമൊ. 3. 2:5). **പൗലോസ് വീണ്ടും പറയുന്നു 'മൂപ്പൻ കുറ്റമില്ലാത്തവനും ഏക ഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളായ മക്കളുള്ളവനും ആയിരിക്കേണം. അധ്യക്ഷൻ ദൈവത്തിന്റെ ഗൃഹവിചാരകനാകയാൽ അനിന്ദ്യനായിരിക്കേണം. തന്നിഷ്ടക്കാരനും കോപിയും മദ്യപ്രിയനും തല്ലുകാരനും ദുർലാഭ മോഹിയും ആകരുത്'** (തിത്തോ. 1:6,7).

എന്നാൽ ഇപ്പോഴത്തെ നേതാക്കന്മാരുടെ പേരിൽ വിവിധ ആരോപണങ്ങൾ സാമൂഹ്യ മാധ്യമങ്ങളിലും മറ്റും പ്രചരിപ്പിക്കുന്നത് ഖേദകരമാണ്. അത് സമൂഹത്തിൽ സഭക്ക് അവമതിപ്പുണ്ടാക്കുന്നതിന് കാരണമായിട്ടുമുണ്ട്. "സീസറുടെ ഭാര്യ വിമർശനത്തിന് അതീതയായിരിക്കണം" എന്ന ലോകതത്വം പോലും അംഗീകരിക്കാൻ നേതൃത്വം തയാറാകുന്നില്ല. ഈ ദുരവസ്ഥക്ക് ഒരു മാറ്റം ഉണ്ടാകണം. സഭയെ തകർക്കാൻ ശ്രമിക്കുന്ന ഇരുട്ടിന്റെയും തിന്മയുടെയും ശക്തികളായ അനാത്മീയരെ തിരിച്ചറിയണം. ദുഷ്പ്രചരണങ്ങളിൽ കുടുങ്ങരുത്. പണ്ടത്തെ പോലെയുള്ള ഒരു നല്ലകാലത്തിനായി കരയാം. പ്രാർഥിക്കാം. ദൈവം നമ്മെ ഭരമേൽപ്പിച്ച ഉത്തരവാദിത്വങ്ങൾ സത്യസന്ധമായി വിനിയോഗിക്കാം. പ്രവാചകൻ പറയുന്ന ഒരു വിലയേറിയ സത്യം കൂടി നേതൃത്വത്തെ ഓർമ്മിപ്പിച്ചുകൊണ്ട് നിർത്താം. **'പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോട് കയ്യായി നിന്ന് അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അത് ഇഷ്ടമാകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തു ചെയ്യും'?** (യിരെ. 5:31). സകലവും കാണുന്ന മഹാ ദൈവത്തിന്റെ മുന്നിൽ ഒടുവിൽ നിൽക്കുമ്പോൾ കൈകൾ ബലപ്പെട്ടിരിക്കുമോ? സഭയെ നയിക്കുന്നവർ സ്വയ ശോധന ചെയ്യട്ടെ! നമ്മുടെ അരുമനാഥൻ തന്റെ വിശുദ്ധന്മാരെ ചേർക്കാൻ വാനമേഘങ്ങളിൽ വരാറായി. അവന്റെ വരവിനായി വിശുദ്ധിയെ തികച്ച് പ്രത്യാശയോടെ കാത്തിരിക്കാം. ദൈവദാസനെ കുടുംബമായി ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ!

# പാസ്റ്റർ ജോസഫ് വില്യംസ് ചെയർമാൻ



**കുമ്പനാട്:** ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ഭരണഘടനാ പരിഷ്കരണ കമ്മറ്റിയെ ജനറൽ കൗൺസിൽ നിയമിച്ചു. റവ. ജോസഫ് വില്യംസാണ് കമ്മറ്റി ചെയർമാൻ. ജനറൽ സെക്രട്ടറി റവ. കെ. സി. ജോൺ എക്സിക്യൂട്ടീവ് ചെയർമാനായി പ്രവർത്തിക്കും. റവ. ബേബി വർഗീസ് കൺവീനറും റവ. സണ്ണി ഫിലിപ്പ് കോ. കൺവീനറുമാണ്. റവ. കിംഗ്സ്ലി ചെല്ലയ്യനാണ് കമ്മറ്റി അംഗം.

വർഷങ്ങളായി ചർച്ച ചെയ്യപ്പെടുന്ന ഐ. പി. സി. ഭരണഘടനാ പരിഷ്കരണ ശ്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള താത്പര്യത്തിലാണ് കുമ്പനാട് നടന്ന ജനറൽ കൗൺസിൽ പുതിയ സബ് കമ്മറ്റിയെ നിയമിച്ചത്. ഒരു വർഷത്തിനകം ഭരണഘടനാ പരിഷ്കരണം പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായി റവ. ജോസഫ് വില്യംസ് അറിയിച്ചു. നിർദ്ദേശങ്ങൾ അയക്കേണ്ട വിലാസങ്ങൾ: revjwilliams@gmail.com, kcjohntv@gmail.com

# 02 യുവജന പംക്തി...

നേരെ നോക്കട്ടെ; നിന്റെ കണ്ണിമ ചൊവ്വെ മുമ്പോട്ടു മിഴിക്കട്ടെ. നിന്റെ കാലുകളുടെ പാതയെ നിരപ്പാക്കുക; നിന്റെ വഴികളെല്ലാം സ്ഥിരമായിരിക്കട്ടെ. (സദൃ. 4: 25,26). **(തുടരും).**

ചോദ്യോത്തരവേദി

# അപ്പൊസ്തലന്മാർ ജഡാഭിലാഷം ഇല്ലാഞ്ഞവരോ?



ജോർജ്ജ് ഫിലിപ്പ്
തെക്കേക്കര

***ചോദ്യം:*** നമ്മളിലുള്ള ജഡാഭിലാഷം ദൈവഹിതത്തിനെതിരാണെന്നും അതെല്ലാം ദൈവാത്മാവിന്റെ സഹായത്താൽ മരിപ്പിക്കേണ്ടതാണെന്നും അറിയാം. എന്താണ് ജഡാഭിലാഷം? എങ്ങനെയാണ് വിശ്വാസികളെ നയിക്കുന്നവരിൽ അത് വെളിപ്പെടുക? ക്രിസ്തീയ സഭകൾക്ക് ഉപദേശവും കല്പനകളും എഴുതിയ അപ്പൊസ്തലന്മാരിൽ അത് വെളിപ്പെട്ടിരുന്നോ? **– വിജി, വടവാതൂർ, കോട്ടയം**

***ഉത്തരം:*** കർത്താവിനെ അനുഗമിച്ചാലും അനുഗമിച്ചില്ലെങ്കിലും, വിശ്വാസിയാണെങ്കിലും അവിശ്വാസിയാണെങ്കിലും അപ്പൊസ്തലനാണെങ്കിലും ലോകത്തിലുള്ള എല്ലാവരിലും (ബാലന്മാർ മുതൽ വൃദ്ധന്മാർ വരെ) ജഡാഭിലാഷം വെളിപ്പെടും. അതിനു കാരണം, പാപം ചെയ്ത ഒന്നാമത്തെ ആദാമിന്റെ സന്തതികളായി നാം ജനിക്കുന്നതുകൊണ്ടാണ് പാപസ്വഭാവം ജഡത്തിൽ വെളിപ്പെടുന്നത്. രണ്ടാമത്തെ ആദാമായ, മനുഷ്യനായ യേശുക്രിസ്തുവിൽ ജഡാഭിലാഷം വെളിപ്പെടാഞ്ഞത് ഒന്നാമത്തെ ആദാമിന്റെ ശരീരരക്തവുമായി ബന്ധമില്ലാഞ്ഞതുകൊണ്ടാണ്. ദൈവസഹായം ഇല്ലാതെ ജഡസ്വഭാവം നിയന്ത്രിക്കാനോ മരിപ്പിക്കാനോ ഒരു മനുഷ്യനും സാധിക്കയില്ല. കർത്താവിനെ വിശ്വസിക്കുന്നവരിലും ശുശ്രൂഷ ചെയ്തു മുന്നേറുന്നവരിലും താഴെപ്പറയുന്ന ചില ജഡസ്വഭാവങ്ങൾ ഇടയ്ക്കിടെ വെളിപ്പെട്ടു വരുന്നതു കാണാം.

**1) മനുഷ്യർ പ്രശംസിക്കുന്നതിലുള്ള സംതൃപ്തി**

പ്രസംഗിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്തതിനുശേഷം അതിൽ സന്തോഷിക്കുന്നതും, പ്രധാന സ്ഥാനം ലഭിക്കുന്നതിനുള്ള ആഗ്രഹമുണ്ടാകുന്നതും, അവരെക്കുറിച്ച് കൂടുതൽ സംസാരിക്കുന്നതും ജഡസ്വഭാവം വെളിപ്പെട്ടുവരുന്നതിന്റെ ലക്ഷണമാണ് (മത്തായി 23: 10–12).

**2) മുൻകോപവും അസഹിഷ്ണതയും**

നിസ്സാരമായ കാര്യങ്ങളെ സഹിക്കാൻ കഴിയാതെ വരുന്നതും, ആരെങ്കിലും തെറ്റു ചൂണ്ടിക്കാണിക്കുകയോ, എതിർക്കുകയോ ചെയ്താൽ അവരോട് എതിരിടുകയും സ്വയം നീതികരിക്കുകയും ചെയ്യുന്നതും പ്രതികാരചിന്ത ഉണ്ടാകുന്നതും ജഡസ്വഭാവം വെളിപ്പെട്ടുവരുന്നതിന്റെ ലക്ഷണമാണ് (എഫെസ്യർ 4:31, 32)

**3) സ്വന്തം ഹിതം ചെയ്യുന്നതിനുള്ള താല്പര്യം**

വേറെ ആരുടെയും അഭിപ്രായത്തിന് വില കല്പിക്കാതിരിക്കുക, മറ്റുള്ളവരുടെ മേൽ ഭരണം നടത്തുക, മറ്റുള്ളവർ എപ്പോഴും തങ്ങളെ ശ്രദ്ധിക്കണമെന്നുള്ള ആഗ്രഹം ഉണ്ടാക്കുക, മൂർച്ചയുള്ള വാക്കുകൾ പറയുക, നിയന്ത്രണമില്ലാതെ സംസാരിക്കുക ഇവയെല്ലാം ഇതിന്റെ ലക്ഷണങ്ങളാണ് (മർക്കോസ് 10:42–45).

**4) അസൂയ**

മറ്റുള്ളവർക്ക് അഭിവൃദ്ധി ഉണ്ടാകുമ്പോൾ ഹൃദയത്തിൽ ഉണ്ടാകുന്ന അസ്വസ്ഥത, മറ്റുള്ളവരുടെ നന്മയെക്കുറിച്ച് സംസാരിക്കാതെ തെറ്റുകളെയും ബലഹീനതകളെയും കുറിച്ച് സംസാരിക്കുന്നത് ഈ സ്വഭാവത്തിന്റെ ലക്ഷണമാണ് (യാക്കോബ് 3:14–16; 4:11,12).

**5) ലൈംഗീക മോഹം**

സ്ത്രീകൾക്ക് പുരുഷന്മാരോടും, പുരുഷന്മാർക്ക് സ്ത്രീകളോടും കൂടുതൽ സംസാരിക്കുന്നതിനും പരിചയപ്പെടുന്നതിനുമുള്ള ആഗ്രഹം, ലൈംഗീകത ഉണർത്തപ്പെടാൻ വേണ്ടിയുള്ള നോട്ടങ്ങൾ ഇതെല്ലാം ജഡാഭിലാഷത്തിൽപ്പെടുന്നു

**6) പരമാർത്ഥത ഇല്ലാത്ത സ്വഭാവം**

യഥാർത്ഥ സത്യത്തെ മറച്ചുള്ള സംസാരം, നമ്മുടെ ബലഹീനതകളെ മറ്റുള്ളവർ കാണരുതെന്നുള്ള താല്പര്യവും അതിനുള്ള ശ്രമങ്ങളും, അതിവിനയം കാണിക്കുക, ഇല്ലാത്ത അറിവ് ഉണ്ടെന്ന് കാണിക്കുക ഇതെല്ലാം ജഡസ്വഭാവമാണ് (എഫെസ്യർ 4:25).

**7) മനുഷ്യരെ ഭയം**

സ്നേഹത്തോടെ സത്യം തുറന്നു പറയുന്നതിനുള്ള ഭയം ജഡസ്വഭാവമാണ് (1 യോഹ. 4:18)

**8) അവിശ്വാസം**

ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും മൂലമുണ്ടാകുന്ന സ്വസ്ഥത ഇല്ലെങ്കിൽ അവിശ്വാസമുള്ള ഹൃദയാവസ്ഥയിലാണ്. അത് ജഡത്തിന് മുൻതൂക്കം വന്നതിന്റെ ലക്ഷണമാണ് (റോമർ 8:28).

**9) സ്വാർത്ഥത**

സുഖജീവിതത്തിനുള്ള താല്പര്യം, സ്വന്തം കാര്യങ്ങൾ സാധിക്കണമെന്നുള്ള ആഗ്രഹം, വസ്തുവകകളോടും ധനത്തോടുള്ള ആഗ്രഹം, അവ നഷ്ടപ്പെടുന്നതിലുള്ള വൈമനസ്യം ഇവ ജഡസ്വഭാവമാണ് (1 തിമൊ. 6:10).

**10) സ്വയസഹതാപം**

സ്വന്തപ്രയാസങ്ങളെക്കുറിച്ച് എപ്പോഴും പരിതപിച്ചുകൊണ്ടിരിക്കുന്ന സ്വഭാവമുണ്ടെങ്കിൽ അത് ജഡത്തിന്റെ പ്രവർത്തിയാണ് (ഫിലിപ്പ്യർ 1:29; 2: 14–15)

**11) ഏതു കാര്യത്തെക്കുറിച്ചും അനാവശ്യമായി തർക്കിക്കുന്ന സ്വഭാവം (സദൃശ്യ: 13:10)**

**12) തന്നെത്താൻ നീതികരിക്കുന്ന സ്വഭാവം**

ആരെങ്കിലും തങ്ങളുടെ തെറ്റുകളെ ചൂണ്ടിക്കാണിക്കാൻ തുടങ്ങിയാൽ ഉടനെ അതിനോട് എതിർക്കുക, തെറ്റു ചൂണ്ടിക്കാണിച്ച ആളോട് ഹൃദയത്തിൽ നീരസം ഉണ്ടാകുകയാണെങ്കിൽ ജഡസ്വഭാവത്തിലാണ് (1 പത്രോസ് 2:22, 23)

**13) പരദൂഷണം**

തമാശയ്ക്കോ, നേരം പോക്കിനോ പോലും മറ്റുള്ളവരെക്കുറിച്ചു പറയുന്ന കാര്യങ്ങൾ തെറ്റിദ്ധാരണകൾ ജനിപ്പിക്കുന്നവയാണ്. അപവാദം പറയുന്ന കൂട്ടത്തിൽ അതും പെടുന്നതാണ്

**14) ക്രിസ്തീയ വേഷഭക്തി**

വചനം വായിച്ചു മനസ്സിലാക്കാനുള്ള താല്പര്യമില്ലായ്മ, പ്രാർത്ഥന ഇല്ല, ശുദ്ധമനസാക്ഷിയോട് കർത്താവിനെ ആശ്രയിക്കുന്നവരുമായി കൂട്ടായ്മ ഇല്ലാതിരിക്കുകയാണെങ്കിൽ, ക്രിസ്തീയ ജീവിതം വെറും വേഷമയം ആയിത്തീർന്നതിന്റെ ലക്ഷണമാണ്.

**15) നിഗളസ്വഭാവം**

നമ്മുടെ താലന്തുകളെ കുറിച്ചും, നമ്മുടെ പദവികളെകുറിച്ചും, നമ്മുടെ കഴിവുകളെ കുറിച്ചും ഉള്ള അഭിമാനം നിഗളത്തിന്റെ ലക്ഷണമാണ്. നമ്മൾ മാറിനിന്നാൽ ഇവിടുത്തെ കാര്യങ്ങൾക്ക് ഭംഗം ഉണ്ടാകുമെന്നുള്ള ചിന്ത നിഗളമാണ്. സകല കാര്യങ്ങളിലും ആവശ്യത്തിലധികമായ ശിക്ഷണവും തെറ്റില്ലായ്മയും ഉണ്ടായിരിക്കണമെന്നുള്ള ശാഠ്യം നിഗളത്തിന്റെ ലക്ഷണമാണ്.

മേൽപറഞ്ഞ മിക്ക കാര്യങ്ങളും മനസ്സിന്റെയും ഹൃദയത്തിന്റെയും ഭാവങ്ങളാണ്. ഈ ഭാവങ്ങളെ താലോലിക്കുമ്പോഴാണ് അത് വാക്കുകളായും പ്രവർത്തികളായും രൂപാന്തരപ്പെടുക. നമ്മുടെ ചിന്തകൾക്കും മോഹങ്ങൾക്കും ദൈവസന്നിധിയിൽ ന്യായവിധിയുള്ളതിനാൽ ഒരു മനുഷ്യനും പുകഴുവാനൊന്നുമില്ല. ജയം ലഭിക്കുവാൻ ആദ്യത്തെപടി ഇതിൽ പലതും നമ്മളിൽ വാഴുന്ന പാപങ്ങളാണെന്ന് സമ്മതിക്കുക എന്നുള്ളതാണ്. ഈ പാപങ്ങളെല്ലാം നമ്മിൽ വാഴുന്നു എന്നു ഏറ്റുപറഞ്ഞാൽ ദൈവം ക്ഷമിക്കുമെന്നുള്ള ഉറപ്പ് 1യോഹന്നാൻ 1:9 ആണ്. അങ്ങനെ ജഡാഭിലാഷങ്ങളെ മരിപ്പിക്കുന്നവരിലാണ് ദൈവം സന്തോഷിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നത്."ദൈവമായ യഹോവ നിന്നിൽ അത്യന്തം സന്തോഷിക്കും; സംഗീതത്തോടെ അവൻ നിന്നിൽ ആനന്ദിക്കും"(സെഫന്യാവ് 3:17). "മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കും" (യെശയ്യാവ്62:5).

"എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധമില്ലാത്തതിനാൽ ഞാൻ നീതിമാനാണെന്ന് വരുന്നില്ല... അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി, **ഹൃദയങ്ങളുടെ ആലോചനകൾ വെളിപ്പെടുത്തും.** അന്ന് ഒരോരുത്തനു ദൈവത്തിൽ നിന്ന് പുകഴ്ച ലഭിക്കും"(1കൊരി:4:5).

"യഹോവ ശമുവേലിനോട്; "... മനുഷ്യൻ ബാഹ്യമായതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു"(1 ശമുവേൽ16:7). അപ്പോസ്തലന്മാർക്കും ജഡാഭിലാഷങ്ങളെ മരിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. അതുകൊണ്ട് അവർ ഇപ്രകാരം എഴുതി: "ദൈവപരിജ്ഞാനത്തിനെതിരായി ഉയർന്നു വരുന്ന... ഏതു ചിന്തയെയും ക്രിസ്തുവിനോടുള്ള അനുസരണത്തിനായി കീഴടക്കുകയും ചെയ്യുന്നു"(2 കൊരി:10:5).

**അടിക്കുറിപ്പ്:** മനസ്സിന്റെയും ഹൃദയത്തിന്റെയും അവസ്ഥാമാറ്റങ്ങളെ ക്രമീകരിക്കുവാൻ 40 വർഷം മുമ്പ് മണിമല ആറ്റിൽ നടത്തിയ വിശ്വാസസ്നാനത്തിനു സാധിക്കുകയില്ല. എന്നാൽ സ്വയം ശോധനചെയ്തുകൊണ്ടുള്ള കൂടെകൂടെയുള്ള തിരുവത്താഴാചരണത്തിന് അല്പം ഫലസിദ്ധിയുണ്ട്.

## 08 ശക്തിയാർജ്ജിക്കുന്ന റഷ്യ...

ക്ഷേ മരിച്ചായിരുന്നു ഫലം. പ്രസിഡണ്ടിന്റെ കൊട്ടാരം വളയാനെത്തിയ ടാങ്കുകളെ യെൽസിന്റെ നേതൃത്വത്തിലുള്ള റഷ്യൻ ജനങ്ങൾ പ്രതിരോധിച്ചു. അട്ടിമറിശ്രമം പരാജയപ്പെട്ടു. തടങ്കലിൽ നിന്നും വന്ന ഗോർബച്ചേവ് സോവിയറ്റ് കമ്യൂണിസ്റ്റ് പാർട്ടിയെ പിരിച്ചു വിടുകയായിരുന്നു ആദ്യം ചെയ്തത്. പിന്നീട് നടന്നതു നാടകീയമായ കൊഴിഞ്ഞു പോക്കു ആയിരുന്നു. ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള സമയം കൊണ്ട് അഞ്ചോളം റിപ്പബ്ലിക്കുകൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 91 ഡിസംബർ 8 ന് റഷ്യൻ പ്രസിഡണ്ട് യെൽസിൻ , ഉക്രൈൻ നേതാവ് ക്രാവ്ചുക്ക് , ബെലാറസ് നേതാവ് സ്റ്റാനിസ്ലാവ് ശുഷ്കേവിച്ച് എന്നിവർ കോമൺവെൽത്ത് ഇൻഡിപ്പെന്റ് സ്റ്റേറ്റ്സ് എന്ന പേരിൽ പുതിയ ഒരു ഫെഡറേഷൻ സ്ഥാപിച്ചു ( ബെലവേജ ഉടമ്പടി). ഡിസംബർ 23ന് മറ്റു റിപ്പബ്ലിക്കുകളും സോവിയറ്റ് യൂണിയൻ പിരിച്ചു വിട്ട് കോമൺവെൽത്ത് ഇൻഡിപ്പെന്റ് സ്റ്റേറ്റ്സിൽ ചേർന്നതോടെ സോവിയറ്റ് യൂണിയൻ എന്ന രാജ്യം ഇല്ലാതായി. ഡിസംബർ 25 ന് ക്രെംലിനിൽ സോവിയറ്റ് പതാക എന്നന്നേക്കുമായി താഴ്ന്നു. **(തുടരും..)**

## 01 ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ...

ഷേഴ്സ്), പാസ്റ്റർ പി.പി. ജോസഫ്, ബ്രദർ പി.ജി. പ്രസാദ് (ഗതാഗതം), പാസ്റ്റർ കെ.കെ. പ്രസാദ് (വോളന്റിയേഴ്സ്), പാസ്റ്റർ മാത്യൂ ശാമുവേൽ (മീഡിയ), പാസ്റ്റർ രാജൻ മാത്യൂ (ഫോട്ടോസ്), പാസ്റ്റർ കെ.എം. ജോസ് (ഫുഡ്), പാസ്റ്റർ പി.എം. സാലൂ. ബ്രദ. സണ്ണി പള്ളം, ഷോബി ജോസഫ് (ഗ്രൗണ്ട് ക്ലിയറൻസ്), പാസ്റ്റർ എൻ.പി. കൊച്ചുമോൻ (പാർക്കിംഗ്), പാസ്റ്റർ കെ.പി. കൊച്ചുമോൻ (സ്റ്റാൾ), പാസ്റ്റർ എസ്. യോവേൽ, പാസ്റ്റർ എം.ജെ. സണ്ണി (വാട്ടർ), പാസ്റ്റർ സണ്ണി വർക്കി (സ്നാനം), പാസ്റ്റർ ഐസക് ജോൺ (തിരുവത്താഴം), പാസ്റ്റർ എൻ. എ. തോമസ്കുട്ടി (പി.ആർ.ഒ & പരാതികൾ) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു.

## ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഭാരവാഹികൾ



പാസ്റ്റർ ജോമോൻ ജോസഫ്



റെയ്സൺ വി. ജോർജ്

**പാക്കിൽ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടറായി പാസ്റ്റർ ജോമോൻ ജോസഫും മീഡിയാ സെക്രട്ടറിയായി റെയ്സൺ വി. ജോർജും നിയമിതരായി.

ചർച്ച് ഗ്രോത്ത് മിഷൻ ഡയറക്ടറായി നിയമിതനായ പാസ്റ്റർ ജോമോൻ ജോസഫിന് വേദശാസ്ത്രത്തിന്റെ ബിരുദാനന്തര ബിരുദമുണ്ട് പ്രഭാഷകനും വേദാദ്ധ്യാപകനുമാണ്. മണർകാട്, ഇല്ലിവളവ് സഭാശുശ്രൂഷകനാണ്. കട്ടപ്പനസ്വദേശിയും മുൻ ഓവർസീയർ പാസ്റ്റർ പി. ജെ. ജോസഫിന്റെ മകനാണ്.

ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ മീഡിയാ സെക്രട്ടറിയായി നിയമിതനായ റെയ്സൺ വി. ജോർജ് യുവസാഹിത്യകാരനും എഴുത്തുകാരനുമാണ്. പാലക്കാട് കരുണ മെഡി ക്കൽ കോളേജിലെ സ്റ്റാഫ് നേഴ്സാണ്. പള്ളം സഭാംഗവും പിറവം സെന്റർ മിനിസ്റ്റർ പാസ്റ്റർ വി. ജോർജ്ജിന്റെ മകനുമാണ്.

## കൺവൻഷൻ



റവ. സി. സി. തോമസ്



പാസ്റ്റർ പ്രതാപ് സിംഗ്

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ പന്തളം ഡിസ്ട്രിക്റ്റ് കൺവൻഷൻ 2016 ഡിസംബർ 7 – 11 വരെ കുളനട ദൈവസഭാ ഗ്രൗണ്ടിൽ (മാന്തുക യു. പി. സ്കൂളിനു സമീപം) നടക്കും. ഡിസ്ട്രിക്റ്റ് പാസ്റ്റർ അനിയൻ കുഞ്ഞ് സാമുവേൽ ജനറൽ കൺവീനറായി വിവിധ കമ്മറ്റികൾ രൂപീകരിച്ചു. റവ. സി. സി. തോമസ് (ദൈവസഭ കേരള സ്റ്റേറ്റ് ഓവർസീയർ), പാസ്റ്റർ പ്രതാപ് സിംഗ്( ചെന്നൈ), ഡോ. മുരളീധരൻ (കോയമ്പത്തൂർ), പാസ്റ്റർ അനിയൻകുഞ്ഞ് സാമുവേൽ(ഡി. പി. പന്തളം) എന്നിവർ പ്രസംഗിക്കും. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ (S.S, Y.P.E, L.M) വാർഷിക സമ്മേളനവു നടക്കും. ഗാനശുശ്രൂഷയ്ക്ക് ക്രൈസ്റ്റ് സിംഗേഴ്സ് ചെങ്ങന്നൂർ നേതൃത്വം നൽകും.

## നിത്യതയിൽ



**പാസ്റ്റർ എ. ജോൺസൺ (68)**

**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിലെ ജനറൽ മിനിസ്റ്ററും കൃപാവര ശുശ്രൂഷകനുമായിരുന്ന തിരുമൂലപുരം പുത്തൻവിളയിൽ പാസ്റ്റർ എ. ജോൺസൺ (68) നിത്യതയിൽ ചേർക്കപ്പെട്ടു. നവംബർ 6-ന് ആരാധനയിൽ ശുശ്രൂഷിച്ച ശേഷം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയത്. സംസ്കാരം തിരുവല്ല ടൗൺ ചർച്ച് ഓഫ് ഗോഡ് സഭയുടെ ആഭിമുഖ്യത്തിൽ നടത്തി. സംസ്കാര ശുശ്രൂഷകൾക്ക് പാസ്റ്റർ ടി. എം. മാമ്മച്ചൻ നേതൃത്വം നൽകി. പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളജിലെ പഠനാന്തരം കഴിഞ്ഞ നാല് പതിറ്റാണ്ടായി സഭാ ശുശ്രൂഷകനായി സേവനം അനുഷ്ടിക്കുകയായിരുന്നു. ചർച്ച് ഓഫ് ഗോഡിന്റെ വിവിധ ലോക്കൽ സഭകളിൽ ശുശ്രൂഷിച്ചിട്ടുണ്ട്.

ഭാര്യ: ആനി ജോൺസൺ, മക്കൾ: അക്സാ, അബി, മരുമക്കൾ: ബെഞ്ചി, വർഗീസ് കോട്ടയം.

**പൊന്നമ്മ (69)**



**ചുരുളിക്കോട്:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ സ്റ്റേറ്റ് സീനിയർ പാസ്റ്റർ പ്ലാവു നിൽക്കുന്നതിൽ പി. ജി. സാമുവേലിന്റെ ഭാര്യ പൊന്നമ്മ (69) നിത്യതയിൽ. ഏഴംകുളം കുഴിഞ്ഞവിളയിൽ കുടുംബാംഗമാണ്. സംസ്കാരം നടത്തി.

മക്കൾ: മോൻസൺ വർഗീസ് (കുവൈത്ത്), പാസ്റ്റർ സാജൻ പി. സാം (ചർച്ച് ഓഫ് ഗോഡ് തഴക്കര). മരുമക്കൾ: ലൗലി (മുംബൈ), ബിന്ദു.



**ബി. സരോജ ജേക്കബ് (69)**

**വെള്ളറട:** നാഗർകോവിൽ മേഖല ചന്തേടിൽ കുടുംബാംഗവും ഏ. ജി. സതേൺ സോണിൽ വെള്ളറട സെക്ഷനിലെ ആറാട്ടുക്കുഴി നെല്ലിശ്ശേരി ഏ. ജി. സഭാശുശ്രൂഷകൻ പാസ്റ്റർ സി. ജേക്കബിന്റെ സഹധർമ്മിണി ബി. സരോജ ജേക്കബ് (69) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം നടത്തി.

മക്കൾ: പാസ്റ്റർ ശ്യാം എഫ്ബ്രട്ട്(ഏ.ജി നാഗർകോവിൽ), സുജി മാർഗരറ്റ്, പാസ്റ്റർ ജെയിംസ്(ഏ.ജി. ബീഹാർ), മരുമക്കൾ: സൗമ്യ, പാസ്റ്റർ ശാമുവേൽ വേദ ഇരക്കം(ഏ.ജി. പാളയംകോട്ട), നിത്തില.

## കൺവൻഷൻ

**തൃശൂർ:** അപ്പൊസ്തലിക് ചർച്ച് ഓഫ് ഗോഡ് ഒരുക്കുന്ന കൺവൻഷൻ ഡിസംബർ 2,3,4 തീയതികളിൽ അയ്യംപറമ്പ് ഹോരേബ് ഹാളിനു സമീപം നടക്കും. പാസ്റ്റർമാരായ ഷെമീർ കൊല്ലം, ജെയ്സ് പാണ്ടനാട്, ജോൺ ശാമുവേൽ മണക്കാല എന്നിവർ പ്രസംഗിക്കും. ഇമ്മാനുവേൽ വോയ്സ് തൃശൂർ ഗാനങ്ങൾ ആലപിക്കും.

**വെല്ലൂർ:** ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ വെല്ലൂർ സെന്റർ കൺവൻഷൻ ഡിസംബർ 22 മുതൽ 25 വരെ കാരിക്കോട് ഗിൽഗാൽ ഗ്രൗണ്ടിൽ വച്ച് നടക്കും. പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി (ഓവർസീയർ) പാസ്റ്റർമാരായ ജോയി പാറയ്ക്കൽ, ജെയ്സ് പാണ്ടനാട്, കൊച്ചുമോൻ കുമരകം എന്നിവർ പ്രസംഗിക്കും. ചർച്ച് ക്വയർ ഗാനങ്ങൾ ആലപിക്കും.

**കോവളം:** ദി അപ്പൊസ്തലിക് മിനിസ്ട്രീസ് ഇന്റർനാഷണൽ ഒരുക്കുന്ന ബ്ലസ് കോവളം ഡിസംബർ 6 മുതൽ 11 വരെ കോവളം ജംഗ്ഷനിൽ നടക്കും. പാസ്റ്റർമാരായ എബി എബ്രഹാം, അനീഷ് കാവാലം, ജെയ്സ് പാണ്ടനാട്, ജോയി പാറയ്ക്കൽ, സുരേഷ് കുമരകം, കെ. എ. എബ്രഹാം എന്നിവർ പ്രസംഗിക്കും. അനിൽ അടൂർ, നിജീഷ് കോവളം, ആൻ സാം എന്നിവർ ഗാനങ്ങൾ ആലപിക്കും.

**മാലക്കര:** ചർച്ച് ഓഫ് ഗോഡ് മാലക്കര കൺവൻഷൻ ഡിസംബർ 22 മുതൽ 25 വരെ മാലക്കര സഭാഹാൾ അങ്കണത്തിൽ നടക്കും. സ്റ്റേറ്റ് സെക്രട്ടറി, പാസ്റ്റർ ജെ. ജോസഫ് ഉദ്ഘാടനം നിർവ്വഹിക്കും. റവ. സി. സി. തോമസ് (ഓവർസിയർ), ജെയ്സ് പാണ്ടനാട്, ശിംശോൻ മാർട്ടിൻ, മനോജ് വയനാട് എന്നിവർ പ്രസംഗിക്കും.

## കൊട്ടാരക്കര മേഖലാകൺവൻഷൻ ഒരുക്കങ്ങൾ അരംഭിച്ചു

ഇന്ത്യാപെന്തക്കോസ്ത് ദൈവസഭ കൊട്ടാരക്കര മേഖല **57–ാമത് കൺവൻഷൻ 2017 ജനുവരി 4 മുതൽ 8 വരെ കൊട്ടാരക്കര പുലമൺ ബേർശേബാ ഗ്രൗണ്ടിൽ** നടക്കുന്നതാണ്. 4ന് വൈകിട്ട് 6മണിക്ക് മേഖലാ പ്രസിഡന്റ് **പാസ്റ്റർ. ഇ.സി ജോർജ്ജ്** കൺവൻഷൻ ഉദ്ഘാടനം ചെയ്യും. ബൈബിൾ ക്ലാസ്സ്, ഉണർവ്വ് യോഗങ്ങൾ, പൊതുയോഗങ്ങൾ,സണ്ടേസ്കൂൾ, പി.വൈ.പി.എ, സോദരി സമാജം വാർഷിക സമ്മേളനങ്ങൾ, ശുശ്രൂഷക കുടുംബസംഗമം, സ്നാനം, പൊതു ആരാധന എന്നിങ്ങനെ വിവിധ സമ്മേളനങ്ങളിൽ പാസ്റ്റർമാരായ കെ. ജെ. തോമസ് കുമളി, തോമസ് ഫിലിപ്പ്, സാജു മാത്യു, ജോൺ ശാമുവേൽ, വർഗീസ് എബ്രഹാം, ജോൺസൻ മേമന, ഫിലിപ്പ് പി.തോമസ്, ജോൺസൻ ദാനിയേൽ, ബാബുചെറിയാൻ, സാം ജോർജ്ജ്, കെ. എം. ജോസഫ് എന്നിവർ മുഖ്യ പ്രഭാഷകരായിരിക്കും. 8 ഞയറാഴ്ച രാവിലെ 8 മണിക്ക് ആരംഭിക്കുന്ന പൊതു ആരാധനയോടെ കൺവൻഷൻ സമാപിക്കും.ഐ.പി.സി. പത്തനാപുരം ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും.

20 സെന്ററുകളിലെ 400 സഭകളിൽ നിന്നായി പതിനായിരത്തിൽപരം വിശ്വാസികൾ പങ്കെടുക്കുന്ന കൊട്ടാരക്കര മേഖലാകൺവൻഷൻ കുമ്പനാട് കൺവൻഷൻ കഴിഞ്ഞാൽ ഐ പി സി യുടെ ഏറ്റവും വലിയ കൺവൻഷനാണ്.

പാസ്റ്റർ ബഞ്ചമിൻ വർഗീസ് (വർക്കിംഗ് പ്രസിഡന്റ്) ബ്രദർ ജെയിംസ് ജോർജ്ജ് വേങ്ങൂർ (സെക്രട്ടറി) ബ്രദർ പി.എം. ഫിലിപ്പ് (ട്രഷറാർ) ബ്രദർ കുഞ്ഞച്ചൻ വാളകം (പബ്ലിസിറ്റി കൺവീനർ) എന്നിവരുടെ നേതൃത്വത്തിൽ 80 അംഗ കമ്മിറ്റി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിക്കുന്നു.

## 24 –ാമത് ചെറുവക്കൽ കൺവൻഷൻ ഡിസംബർ 18 –25 വരെ

**വേങ്ങൂർ :** ഇന്ത്യ പെന്തക്കോസ്ത് ദൈവ സഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് സെമിനാരിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന 24 -ാം ചെറുവക്കൽ കൺവൻഷൻ ഡിസംബർ 18 മുതൽ 25 വരെ ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരി ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടുന്നു. സെന്റർ പ്രസിഡന്റ് റവ. ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ അജി ആന്റണി, പാസ്റ്റർ കെ.ജെ. തോമസ്, പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ തോമസ് ഫിലിപ്പ്, പാസ്റ്റർ ഒ.എം. രാജുകുട്ടി, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ എം. എ. ജോൺ എന്നിവർ പ്രസംഗിക്കും. പാസ്റ്റർ തഞ്ചാവൂർ വില്ല്യംസ്, ഡോ. ബ്ലസൻ മേമന,ശാലേം വോയിസ് പത്തനാപുരം എന്നിവർ സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കും. എല്ലാ ദിവസവും രാവിലെ 9 – നും 2 – നും ഉണർവ്വ് യോഗം, വെള്ളിയാഴ്ച 2 – ന് സോദരി സമാജം വാർഷികം, ശനി രാവിലെ 8 മണി മുതൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ പഠനം പൂർത്തിയാക്കിയ വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം എന്നിവ നടക്കും. ബിരുദദാന സമ്മേളനത്തിൽ എ. ജി. മലബാർ ഡിസ്ട്രിക്റ്റ് സൂപ്രണ്ട് റവ. വി. റ്റി. എബ്രഹാം അനുഗ്രഹ പ്രഭാഷണം നടത്തും. 2 മണിക്ക് പി.വൈ.പി.എ–സണ്ടേസ്ക്കൂൾ വാർഷികം. ബൈബിൾ കോളേജ് ഗ്രാഡുവേഷനോടനുബന്ധിച്ച് 100 സ്ക്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വിദ്യഭ്യാസ സഹായം, ചികിത്സാ സഹായം. തയ്യൽ മെഷീൻ വിതരണം എന്നിവ നടത്തപ്പെടും. ഞായറാഴ്ച രാവിലെ 8 മണി മുതൽ 80 സഭകളുടെ സംയുക്ത ആരാധനയോടു കൂടി കൺവൻഷൻ സമാപിക്കും വിദേശത്ത് നിന്നും സ്വദേശത്ത് നിന്നും ആയിരങ്ങൾ ഈ യോഗത്തിൽ സംബന്ധിക്കും.

02 ↶ വില്ല്യം ജെ. സെയ്മൂർ; .....

ശ്, പുറത്ത് ഇടനാഴിയിൽ നിലത്ത് ഇരുന്ന തുറന്നുകിടക്കുന്ന വാതിലിലൂടെ ക്ലാസ്സ് ശ്രദ്ധിക്കാം. വെളുത്ത തൊലിയും, കറുത്ത മനസ്സുമുള്ള അധികാരികളുടെ ഈ ക്രൂരത പക്ഷെ സെയ്മൂറിനെനിന്ന് തന്റെ തീരുമാനത്തിൽ നിന്ന് ഒട്ടും പിന്തിരിപ്പിച്ചില്ല. എളിയവരെയും ദരിദ്രന്മാരെയും ഒരിക്കലും തള്ളിക്കളയാത്ത നീതിമാനായ ദൈവം അത് സെയ്മൂറിന് അനുകൂലമായ് കണക്കിട്ടു. **(തുടരും...)**

01 ↶ യെരുശലേം ദേവാലയം നിർമ്മി...

ലേം ദേവാലയ നിർമ്മാണത്തിന് സഹകരിക്കണം എന്നാവശ്യവുമായി കത്തുകളെഴുതിയത് വാർത്തയായിരുന്നു.

“ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ, യഹൂദന്റെ ആത്മീക പാരമ്പര്യമായ യെരുശലേം ദൈവാലയ നിർമ്മാണത്തിന് ഈ രണ്ടു നേതാക്കളും സഹായിക്കുമെങ്കിൽ അത് ചരിത്രത്തിലെ അഭൂതപൂർവ്വമായ നിമിഷമായിരിക്കും” സന്നഹദ്രിന്റെ വക്താവ് പ്രൊഫസർ റബി ഹിലേൽ വെയ്സ് പറഞ്ഞു .

രണ്ട് നേതാക്കന്മാരും യഹൂദന്റെ യെരുശലേമിനു വേണ്ടിയുള്ള അവകാശത്തെ പിൻതാങ്ങുന്നു. ഇതിൽ ട്രംപ് യിസ്രായേലിനോടുള്ള താത്പര്യം പൊതുവായി പല സമയത്തും വെളിപ്പെടുത്തിയിട്ടുമുണ്ട്.

മൂന്നാമത്തെ മന്ദിരം നിർമ്മിക്കാൻ ശ്രമിക്കുന്ന (Temple Institute) ടെംമ്പിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സംഘടന ദേവാലയത്തിനുവേണ്ടി പുരോഹിതന്മാരെ തിരഞ്ഞെടുത്ത് പരിശീലനം നൽകി കഴിഞ്ഞു. ഇതിനു വേണ്ടി ഉള്ള പാത്രങ്ങളും ഉപകരണങ്ങളും അവർ തയ്യാറാക്കി വച്ചിരിക്കുന്നു.

വംശനാശം സംഭവിച്ച (Red Heirfer) ചുവന്ന പശുവിനു വേണ്ടിയുള്ള യിസ്രായേലിലെ ശാസ്ത്രജ്ഞൻമാരുടെ അന്വേഷണം വിജയം കണ്ടു എന്ന് അടുത്തകാലത്ത് വാർത്തയുണ്ടായിരുന്നു.

അതുപോലെ തന്നെ ദേവാലയ നിർമ്മാണം ശ്രദ്ധിക്കാനും, തയ്യാറെടുപ്പിന്നു ചുമതല വഹിക്കാനും സന്നഹദ്രിൻ ഒരു മഹാപുരോഹിതനെ ഈ വർഷം ഓഗസ്റ്റ് മാസത്തിൽ തിരഞ്ഞെടുത്തിരുന്നു. ഈ സംഭവങ്ങൾ കർത്താവിന്റെ രണ്ടാം വരവ് അടുത്തു എന്ന് സൂചിപ്പിക്കുന്നു.



MOB: 9447368795
beljourn@gmail.com
beljourn.com/ www.bjournal.org
VOL 09, ISSUE 22

BELIEVERS JOURNAL

PUBLISHED ON 25/11/2016

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ലേഖനം

# ശക്തിയാർജ്ജിക്കുന്ന റഷ്യ



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

## സോവിയറ്റ് യൂണിയന്റെ പതനം

പല കാലഘട്ടങ്ങളിലായി സോഷിലസത്തിന് വ്യത്യസ്ത രാഷ്ട്രീയ വ്യഖ്യാനങ്ങൾ പല നേതാക്കൾ നൽകിക്കൊണ്ട് യുണിയനെ ഭരിച്ചു. എന്നാൽ സാമ്പത്തിക രാഷ്ട്രീയ മേഖലകളിലൊന്നും അവർക്ക് മുന്നേറ്റങ്ങളുണ്ടാക്കാൻ സാധിച്ചില്ല എന്നുമാത്രമല്ല, അവസാനം സോവിയറ്റ് യൂണിയന്റെ തകർച്ചയിലെക്ക് കൊണ്ടെത്തിക്കുകയാണ് ചെയ്തത്. ലോകചരിത്രത്തിൽ സംഭവിച്ചിട്ടുള്ളതു പോലെ പല സാമ്രാജ്യങ്ങളുടെയും ഉയർച്ചയും തകർച്ചയും കണ്ട മനുഷ്യവർഗം, അവസാനം സോവിയറ്റ് യൂണിയന്റെ തകർച്ചയോട് കൂടി ഇരുപതാം നൂറ്റാണ്ടിലെ ആദ്യത്തെയും അവസാത്തെയും സോഷിലിസ്റ്റ് സാമ്രാജ്യത്തിന്റെ പതനത്തിനാണ് സാക്ഷ്യം വഹിച്ചത്. 1991 ഡിസംബർ 26ന് സോവിയറ്റ് യൂണിയനിലെ അവസാന റിപ്പബ്ലിക്കും സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെ സോവിയറ്റ് യൂണിയൻ ഇല്ലാതായി.

സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് കാരണമായ അവസാനത്തെ പ്രസിഡണ്ടായ ഗോർബച്ചേവിന്റെ ഉദാരവത്കൃത നയങ്ങളായ പെരിസ്ട്രോയിക്ക, ഗ്ലാസ് നോസ്റ്റ് എന്നീ നയങ്ങൾ കാരണമാണ് സോവിയറ്റ് യൂണിയൻ ശിഥിലമായത്. എന്നാൽ ഗോർബച്ചേവിന്റെ നയങ്ങൾ മാത്രമല്ല കോൺസ്റ്റാന്റിൻ ചേർണെങ്കോയുടെ മരണത്തിന് ശേഷം സോവിയറ്റ് യൂണിയനിൽ പ്രശ്നങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു. ചേർണോബിൽ ദുരന്തവും അഫ്ഗാനിലെ യുദ്ധവും സോവിയറ്റ് യൂണിയനെ ഒരു വമ്പൻ സാമ്പത്തിക പ്രതിസന്ധിയിലെത്തിച്ചിരുന്നു. 1988-ൽ സോവിയറ്റ് പ്രീമിയർ ആയി ഗോർബച്ചേവ് അവരോധിക്കപ്പെട്ടു. അദ്ദേഹം തന്റെ മുൻഗാമികളെപ്പോലെ ഉരുക്കു മുഷ്ടിയിലധിഷ്ഠിതമായ ഭരണത്തെ എതിർത്തു. അദ്ദേഹം ഭരണത്തിലേറുമ്പോൾ ബാൾട്ടിക് രാജ്യങ്ങൾ (ലിത്വാനിയ, ലാത്വിയ, എസ്റ്റോണിയ) ,സ്വാതന്ത്ര്യം ആവശ്യപ്പെട്ടു തുടങ്ങിയിരുന്നു. രാജ്യത്തിന്റെ ധാതു സമ്പത്തിന്റെ നല്ലൊരു ഭാഗം ആയുധ നിർമ്മാണത്തിന്നായിരുന്നു ആ രാജ്യം ഉപയോഗിച്ചിരുന്നത്. വിദേശ നിക്ഷേപങ്ങളില്ലാത്തത് വളർച്ചയെ നന്നായി ബാധിച്ചു. ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും രക്ഷ നേടാൻ വിദേശ നിക്ഷേപവും നേരിയ തോതിൽ സ്വകാര്യവത്ക്കരണവുമില്ലാതെ തന്റെ രാജ്യത്തിന് മുന്നോട്ട് പോകാൻ കഴിയില്ലെന്ന് ഗോർബച്ചേവ് മനസ്സിലാക്കി. അതിന് അദ്ദേഹം പെരിസ്ട്രോയിക്ക (ഉടച്ചുവാർക്കൽ) എന്ന നയം അവതരിപ്പിച്ചു. അത് വരെ ഇന്ത്യൻ വസ്തുക്കളും, ക്യൂബൻ പഞ്ചസാരയും മാത്രം വിദേശ വസ്തുക്കളായി കണ്ടിരുന്ന സോവിയറ്റ് ജനത മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത വസ്തുക്കളും കണ്ടു തുടങ്ങി.

ഗോർബച്ചേവ് മറ്റൊരു നയം കൂടി ഇറക്കി ഗ്ലാസ് നോസ്റ്റ് (തുറന്ന സമീപനം). ഗോർബച്ചേവിന് മുമ്പ് സോവിയറ്റ് പ്രസിഡണ്ടിനെ സാധാരണ ജനങ്ങൾ അപൂർവമായി മാത്രമേ കണ്ടിരുന്നുള്ളു, ഗോർബച്ചേവ് ജനങ്ങൾക്കിടയിലേയ്ക്ക് കടന്നു ചെല്ലുന്ന നേതാവായി. 1988-ൽ മറ്റു രാജ്യങ്ങളിലെ കാര്യങ്ങളിൽ സോവിയറ്റ് യൂണിയൻ ഇടപെടില്ലെന്ന് പ്രഖ്യാപിച്ചു. അന്ന് വരെ ഗവൺമെന്റ് നിർദേശിക്കുന്ന ആളെ ജനങ്ങൾ വോട്ട് ചെയ്ത് പ്രസിഡണ്ടാക്കുന്ന അവസ്ഥയ്ക്ക് ഗോർബച്ചേവ് മാറ്റം വരുത്തി. ബഹു പാർട്ടി തിരഞ്ഞെടുപ്പുകൾ 15 റിപ്പബ്ലിക്കുകളിലും നടന്നു. ഗോർബച്ചേവിന് അദ്ദേഹത്തിന്റെ കണക്കു കൂട്ടലുകൾ പിഴച്ചതവിടെയായിരുന്നു. ഇരുമ്പു മറയ്ക്കുള്ളിൽ അടിച്ചമർത്തപ്പെട്ടിരുന്ന ദേശീയത ജനങ്ങളിൽ ഉയരാൻ തുടങ്ങി, ഗ്ലാസ് നോസ്ത് അതിനുള്ള സ്വാതന്ത്ര്യം നേടി കൊടുത്തു. ഗ്ലാസ് നോസ്തിലൂടെ ഗവൺമെന്റിനെതിരെ പ്രതിഷേധിക്കാനുള്ള അവസരവും ലഭിച്ചു തുടങ്ങി. റിപ്പബ്ലിക്കുകളിൽ നടന്ന തെരഞ്ഞെടുപ്പിൽ റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിമർശകനായ യെൽസിൻ അധികാരത്തിൽ വന്നു. 1989-ൽ ലിത്വാനിയൻ കമ്മ്യൂണിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് സോവിയറ്റ് യൂണിയനിൽ നിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. 1990 ൽ എസ്റ്റോണിയയിലും സമാനമായ സംഭവങ്ങൾ അരങ്ങേറി. 1990 ൽ സോവിയറ്റ് ഗവൺമെന്റിന് അതിന്റെ വലിയ റിപ്പബ്ലിക്കായ റഷ്യയിൽ നിന്ന് നിരന്തരം എതിർപ്പുകൾ നേരിടേണ്ടി വന്നു. റഷ്യ സോവിയറ്റ് യൂണിയനിൽ നിന്ന് പരമാധികാരം പ്രഖ്യാപിച്ചു. എല്ലാ റിപ്പബ്ലിക്കുകളിലും കമ്മ്യൂണിസത്തിനെതിരെയുള്ള സ്വാതന്ത്ര്യ സമരം ശക്തമാകാൻ തുടങ്ങി. 91 മാർച്ചിൽ സോവിയറ്റ് യൂണിയനായി തുടരണമോ എന്ന് തീരുമാനിക്കാൻ ഒരു ഹിത പരിശോധന നടന്നു. 15 ൽ 9 റിപ്പബ്ലിക്കുകൾ വോട്ടെടുപ്പിൽ പങ്കെടുത്തു. പരിശോധനാ ഫലം സോവിയറ്റ് യൂണിയന് പകരം ഉടച്ചു വാർക്കപ്പെട്ട ഒരു പൊതുഭരണ സംസ്ഥാനം രൂപീകരിക്കുന്നതിനെ അനുകൂലിച്ചുകൊണ്ടായിരുന്നു. ഗോർബച്ചേവിന്റെ നയങ്ങളിൽ എതിർപ്പുണ്ടായിരുന്ന തീവ്രനിലപാടുള്ള നേതാക്കളായ യാനയേവ്, കുര്യാക്കോവ്, എന്നിവരുടെ നേതൃത്വത്തിൽ ഒരട്ടിമറി നടത്തി സോവിയറ്റ് ഭരണം നില നിർത്താൻ ഒരു വിഫല ശ്രമം നടന്നു 91 ആഗസ്റ്റിൽ, ഗോർബച്ചേവിനെ ക്രീമിയയിൽ വീട്ടുതടങ്കലിലാക്കി അദ്ദേഹം അനാരോഗ്യം കാരണം അവധി എടുക്കുന്നതായും അദ്ദേഹത്തിന്റെ നിയമങ്ങൾ അസാധുവാക്കിയതായും പ്രഖ്യാപിച്ചു. ജനങ്ങൾ കൂടെ നിൽക്കുമെന്നായിരുന്നു വിമതരുടെ പ്രതീക്ഷ പ

–തുടർച്ച– 06

ക്രൈസ്തവ സാഹിത്യത്തിന് അഭിമാനമായി ഉൽക്കൃഷ്ടമായൊരു വ്യാഖ്യാനഗ്രന്ഥം




വിശ്വസാഹിത്യത്തിലെ അനശ്വരസംഗീതം
(23-ാം സങ്കീർത്തനവ്യാഖ്യാനം-ഒന്നാം വാല്യം)
ടീയെസ് കപ്പമാംമൂട്ടിൽ



23-ാം സങ്കീർത്തനം ഒന്നും രണ്ടും വാക്യങ്ങളെ ആസ്പദമാക്കി രചിച്ച കൃതി.

ഒരു ദശാബ്ദം നീണ്ടു നിന്ന പഠനങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ നൂതനാശയങ്ങൾ

- പരമ്പരാഗതമായി വിശ്വസിച്ചു വരുന്ന പല ആശയങ്ങളെയും തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തിയെഴുതുന്ന ഗ്രന്ഥം.
- ശാസ്ത്രീയമായ അടിത്തറകളിൽ പടുത്തുയർത്തിയ ഈടുറ്റ നിഗമനങ്ങൾ.
- ഈ രണ്ടു വാക്യങ്ങളുടെ അനന്തമായ ആഴങ്ങളിൽ നിക്ഷേപിച്ചിരിക്കുന്ന നിഗൂഢനിധിനിക്ഷേപങ്ങളെ അനാവരണം ചെയ്യുന്ന ശാസ്ത്രീയാപഗ്രഥനങ്ങൾ.
- ആത്മീയതയുടെ അഭൗമമണ്ഡലത്തിലേക്ക് അനുവാചകരെ ആനയിക്കുന്ന ആഖ്യാനശൈലി.
- ജാതിമതഭേദമെന്യെ വിശേഷാവസരങ്ങളിൽ സത്യാന്വേഷകരായ സ്നേഹിതർക്ക് സമ്മാനിക്കാനൊരു ഉത്തമഗ്രന്ഥം.
- പ്രൗഢഗംഭീരമായ പ്രസംഗങ്ങൾക്കുള്ള നൂതനാശയങ്ങൾ.

Size: 21.50 cm x 14.00 cm
Cover: Muticoloured, thermal matt lamination + case bound
Pages: 244
വില Rs. 475/-

സ്പെഷ്യൽ ഡിസ്കൗണ്ട്

2016 ഡിസംബർ 30-ാം തീയതിക്കു മുമ്പ് പണമടക്കുന്നവർക്ക് കേവലം **Rs. 330/-**ന് ഈ ഗ്രന്ഥത്തിന്റെ ഒരു പ്രതി സ്വന്തമാക്കുവാനുള്ള സുവർണ്ണാവസരം. (തപാലിൽ കോപ്പി ലഭിക്കുവാൻ താല്പര്യപ്പെടുന്നവർ **Rs. 370/-** അടച്ച് ഒരു പ്രതി ഉറപ്പാക്കുക).

പണമയക്കുന്നവർ നിങ്ങളുടെ പൂർണ്ണവിലാസവും ടെലിഫോൺ നമ്പറും സഹിതം തുക മണിഓർഡറായി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

**Brian A. Benny, Ayanthiyil House, Nellickamon P.O., Ranny. Mob: 9745347385**

*(ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ ബുക്ക് സ്റ്റോളുകളിൽ ലഭ്യമല്ല.)*

Those who reside outside India, including the U.S. and Gulf Countries:
To place an order for a copy of the book or for a free brochure, please contact the following e-mail with your full address and telephone number. **idathavalangal@gmail.com.**

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.